(ബി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) ഐ. സി. ഐ. സി. ഐ., കിൻഫ്ര എന്നീ ഉപദേശകരെ അഴീക്കൽ തുറമുഖത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും അതിനോടനുബന്ധിച്ച സമഗ്രമായ പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിയോഗിച്ചു. അതിൻപ്രകാരം ഇവർ അഴീക്കൽ തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനായി വിശദമായ ഒരു പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു. ഈ റിപ്പോർട്ട് പ്രകാരം മൂന്ന് ജനറൽ കാർഗോ ബർത്തും, എണ്ണയും അനുബന്ധ ഉൽപ്പന്നങ്ങളും കൈകാര്യം ചെയ്യുന്നതിനുള്ള രണ്ടു ബർത്തും, ഒരു കണ്ടെയ്നർ ബർത്തും ഉദ്ദേശം 1318 കോടി രൂപ ചിലവിൽ സ്വകാര്യ പങ്കാളിത്തത്തോടെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ഒന്നാം ഘട്ട വികസനത്തിന്റെ ഭാഗമായി 825 ലക്ഷം രൂപയുടെ ഒരു പദ്ധതി രൂപരേഖ തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 223 മീറ്റർ നീളമുള്ള ഒരു വാർഫ്, ചുറ്റുമതിൽ, ട്രാൻസിറ്റ് ഷെഡ് തുടങ്ങിയ പ്രധാന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ചീഫ് എഞ്ചിനീയർ സമർപ്പിച്ച നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II. അടിയന്തിര പ്രമേയം

സുനാമി ദുരിതാശ്വാസ ഫണ്ട് വകമാറി ചെലവഴിച്ചു എന്നത് സംബന്ധിച്ച്

മി. സ്പീക്കർ: സുനാമി ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് സംഭാവനയായി ലഭിച്ച തുകയിൽ 27.95 കോടി രൂപ വകമാറി ചെലവഴിച്ചതായി ലോകായുക്ത കണ്ടെത്തിയിരിക്കുന്നു എന്ന റിപ്പോർട്ട് വന്നതിനെ 9.30 A. M.] തുടർന്ന് സുനാമി ബാധിതരിലും പ്രകൃതിക്ഷോഭത്താൽ വലയുന്ന ജനങ്ങളിലാകെയും ഉളവായിട്ടുള്ള കടുത്ത ആശങ്കയെ തുടർന്നുള്ള അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് നടപടികളും നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ബിനോയ് വിശ്വം, ടി. കെ. ദേവകുമാർ, പി. സി. ജോർജ്, എ. എ. അസീസ്, വി. സി. കബീർ, കെ. പി. രാജേന്ദ്രൻ, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. സ്ട്രിക്ടായി പറയുകയാണെങ്കിൽ റൂൾ 53 പ്രകാരം, 'No motion which seeks to raise discussion on a matter pending before any statutory tribunal or statutory authority performing any judicial or quasi-judicial functions or any commission or court of enquiry appointed to enquire into or investigate any matter shall ordinarily be permitted to be moved' എന്നാണ്. പക്ഷേ പ്രൊവൈസോയിൽ സ്പീക്കർക്ക് വേണമെങ്കിൽ ചെയ്യാമെന്ന് പറയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും അവിടെ നിലനിൽക്കുന്ന ഒരു കാര്യമായതുകൊണ്ട്, അതിനു ദോഷകരമായി ബാധിക്കാത്ത വിധത്തിൽ മാത്രം അവതരിപ്പിക്കേണ്ടതാണെന്ന നിർദ്ദേശത്തിൽ മുഖ്യമന്ത്രിക്കു മറുപടി പറയാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഇങ്ങനെയൊരു അടിയന്തിരപ്രമേയം കൊണ്ടുവന്നതിനു ഞാൻ പ്രതിപക്ഷത്തോട് കടപ്പെട്ടിരിക്കുന്നു. സാങ്കേതികത്വം പറയാതെ, ചർച്ചയ്ക്ക് ഒരു അവസരം ഉണ്ടാക്കി തന്ന അങ്ങയോടും ഞാൻ നന്ദി പറയുന്നു. സുനാമിയുണ്ടായ 26-12-2004 മുതൽ 25-7-2005 വരെ സി. എം. ഡി. ആർ. എഫ്. -ൽ 40,02,24,399 രൂപ ലഭിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും സുനാമിക്കുവേണ്ടി ചെലവഴിച്ച തുക, മൊത്തം തുക, ഇവയുടെ സ്റ്റേറ്റുമെന്റ് ലോകായുക്തയിൽ കൊടുത്തു. സുനാമിക്കു ചെലവഴിച്ചതിനേക്കാൾ കൂടുതൽ തുക ഈ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ലോകായുക്ത അതിന്റെ വിശദ വിവരങ്ങൾ നൽകാൻ ആവശ്യപ്പെട്ടു. ഇതിന്റെ കേസ് മറ്റൊരു ദിവസത്തേയ്ക്ക് പോസ്റ്റ് ചെയ്തിട്ടുണ്ട്. ഇതാണ് സംഭവിച്ചത്. ഈ സഭയിലെ അംഗങ്ങൾക്കൊക്കെ അറിയാം, സി. എം. ഡി. ആർ. എഫ്. -ൽ നിന്നും അർഹിക്കുന്നവർക്ക് പൈസ കൊടുക്കും. ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ കൊടുക്കും. ഇത് സംബന്ധിച്ചുള്ള ഒരു സ്റ്റേറ്റുമെന്റ് കൊടുക്കാൻ പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് വ്യക്തമായി കണക്കുകൾ കൊടുത്തിട്ടുണ്ട്. കണക്കുകൾ തമ്മിലുള്ള വ്യത്യാസം, ലോകായുക്തിന് ഒരു സ്റ്റേറ്റുമെന്റായി കൊടുക്കാൻ ആവശ്യപ്പെട്ടു. അത് കൊടുത്തു. അതാണ് വകമാറി ചെലവഴിച്ചതായി ലോകായുക്ത കണ്ടെത്തി എന്നു പറഞ്ഞുകൊണ്ടു പത്രത്തിൽ വന്നിട്ടുള്ളത്. ആ ഓർഡർ എന്താണെന്ന് അറിയുക പോലും ചെയ്യാതെയാണ് പ്രതിപക്ഷം ഇത് കൊണ്ട് വന്നിരിക്കുന്നത്. കുറെ നാളുകളായി ഇത് സംബന്ധിച്ച് പ്രചരണം നടക്കുന്നുണ്ട്. ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാനില്ല. അത് സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഈ സഭയിൽ പറയാൻ തയ്യാറാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനുശേഷം ബാക്കിയുള്ള കാര്യങ്ങൾക്കും മറുപടി പറയുന്നതാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, മുഖ്യമന്ത്രി വളരെ നന്ദിയുള്ളവനാണ്, അങ്ങയോടും ബാക്കിയുള്ളവരോടും. അദ്ദേഹം ലോകായുക്തിനോടും നന്ദി പറയണമെന്നാണ് എന്റെ പക്ഷം. ലോകായുക്ത ചൂണ്ടിക്കാണിച്ചത് ഗൗരവമുള്ള കാര്യമാണ്. മുഖ്യമന്ത്രി പതിവായി പറയുന്ന വർത്തമാനങ്ങൾ കൊണ്ടുമാത്രം അവയ്ക്കു മറുപടിയാകില്ല. പ്രശ്നം അതിവ ഗുരുതരമാണ്. സുനാമിയുണ്ടായത് 2004 ഡിസംബർ 26-ാം തീയതിയാണ്. ഈ ചർച്ച നടക്കുമ്പോഴും കേരളത്തിലെ ജനങ്ങളും മുഴുവൻ പ്രകൃതിക്ഷോഭത്തോൽ വലയുകയാണ്. പ്രളയത്തിന്റെ കെടുതികളാണ് സംസ്ഥാനം മുഴുവൻ. എല്ലായിടത്തും ക്യാമ്പുകളാണ്. മനുഷ്യരാകെ പിടയുകയാണ്. അത്തരം ഘട്ടങ്ങളിലെല്ലാം ജനങ്ങൾക്ക് ഉറപ്പു നൽകാനുള്ളത് സർക്കാരിനെയാണ്. സർക്കാർ ആരുടേയുമാകട്ടെ. ജനങ്ങൾ കഷ്ടപ്പാടിന്റെയും ദുരിതങ്ങളുടെയും ആഴക്കയങ്ങളിൽ മുങ്ങിത്താഴുമ്പോൾ, രക്ഷിക്കാനായി ഓടിയെത്തേണ്ട സർക്കാർ, അവരുടെ പേരിൽ പണം പിരിക്കുന്ന സർക്കാർ, ആ പണം, ആ ജനങ്ങൾക്കുവേണ്ടി ഉപയോഗിച്ചോ എന്നുള്ള ഒരു ചോദ്യമാണ് ഇപ്പോൾ ലോകായുക്ത ഉന്നയിച്ചിരിക്കുന്നത്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞു, 2005 ജൂലൈ മാസം 25-ാം തീയതി വരെ 40,02,24,399 രൂപ പിരിഞ്ഞു കിട്ടി എന്ന്. ഗവൺമെന്റ്. ലോകായുക്തിനോട് പറഞ്ഞത് 27.95 കോടി രൂപ സുനാമി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചു എന്നാണ്. അതേ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ലോകായുക്തിനോട് പറഞ്ഞത് ഞങ്ങൾ ആകെ ചെലവഴിച്ചത് 36.25 കോടി രൂപയാണെന്നാണ്. സ്വാഭാവികമായും ലോകായുക്ത ചോദിച്ചു ബാക്കിയുള്ള എട്ടു കോടി എഴുപ്പതു ലക്ഷം രൂപ എവിടെയാണെന്ന്. ആ പണം ഏത് വഴിക്ക് പോയി. അത് കേരളത്തിനറിയണം. ഈ സഭയിൽ ശ്രീ. എ. കെ. ബാലൻ ഉന്നയിച്ച ഒരു അൺ സ്റ്റാർഡ് കവസ്റ്റ്യനിന് മറുപടിയായി മുഖ്യമന്ത്രി ഒരിക്കൽ പറഞ്ഞത്, 131 കോടി രൂപ സുനാമി ഫണ്ടിലേയ്ക്ക് ലഭിച്ചു എന്നാണ്. ഈ കോടികൊണ്ട് ഒന്നും ഒരു വിലയുമില്ലേ സാർ? 131 കോടി രൂപ എന്ന് സഭയിൽ ഒരിക്കൽ പറയുന്നു, പിന്നെ പറയുന്നു 40 കോടി രൂപ എന്ന്. ഇതിന്റെയൊക്കെ ഇടയിലുള്ള ഈ സംഖ്യകളൊക്കെ എന്താണ്? കേന്ദ്രം തന്ന 100 കോടി രൂപ കൂടി കൂട്ടിയാണോ എന്ന് എനിക്കറിയില്ല. അപ്പോഴും എന്തായാലും ഇതിനെല്ലാം ഒരു വ്യക്തത വേണം. നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. ''കടലിൽ കൊണ്ടുപോയിക്കളഞ്ഞാലും അളന്നുവേണം കളയാനെന്ന്''. അത് ജനങ്ങൾക്ക് തന്നെ കൊടുക്കണം. തോന്നിയവാസം നടത്തിക്കൊണ്ടിരിക്കുമ്പോൾ, കണക്കും കയ്യും ഇല്ലാതെ 131 കോടി, 40 കോടി എന്നെല്ലാം പറഞ്ഞാൽ, തീർച്ചയായും ലോകായുക്ത മാത്രമല്ല ജനങ്ങളാകെ ചോദിക്കും എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന്. ആ ചോദ്യമാണ് ഞാൻ ചോദിക്കുന്നത്. ലോകായുക്തിൽ കേസുമായി പോയ കൊല്ലം ആലപ്പാട്ടു പഞ്ചായത്തിൽ തലശ്ശേരിയിൽ മീനത്തുവീട്ടിലെ വിജയപ്പണിക്കർ മാത്രമല്ല, ഈ കേരളം മുഴുവൻ ചോദിക്കുകയാണ് എവിടെ പോയി ഈ പണം? പാവങ്ങൾക്കു വേണ്ടി പിരിക്കപ്പെട്ട ആ പണം കൊണ്ട് എന്തു കാണിച്ചു ഈ ഗവൺമെൻറ്? ഗവൺമെൻറിന്റെ ഓരോ തോന്നിയവാസങ്ങൾക്കും ആർഭാടങ്ങൾക്കും ധൂർത്തിനും വേണ്ടി ചെലവഴിക്കാനാണോ ഈ പണം ജനങ്ങൾ വാരിക്കോരി കൊടുത്തത്? മനുഷ്യസ്നേഹത്തിന്റെ പേരിൽ രാജ്യമാകെ ദുരിതത്തിലേയ്ക്ക് ആണ്ടപ്പോൾ കേരളത്തിൽ നിന്ന് മാത്രമല്ല, ഇന്ത്യയിൽ നിന്ന് മാത്രമല്ല, ലോകത്തിന്റെ എല്ലാ ഭാഗത്തു നിന്നും ഇങ്ങോട്ടു പൈസ ഒഴുകിയെത്തി. ആ പൈസയാണ് ഗവൺമെൻറ് സി. എം. ഡി. ആർ. എഫ്. എന്ന് പറയുന്ന പേരിലാക്കിയിട്ട് ഇഷ്ടം പോലെ ആർക്കെല്ലാമോ വാരിക്കോരി കൊടുത്തത്. ഗവൺമെൻറിന് ഇതെല്ലാം മറച്ചു വയ്ക്കാൻ കഴിയുമോ? മുഖ്യമന്ത്രിക്ക് അറിയില്ലേ? സർവ്വകക്ഷി യോഗം വിളിച്ചു കൂട്ടിയപ്പോൾ, ആ യോഗത്തിൽ വച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു. എന്തായിരുന്നു ആ ധാരണ? സുനാമിയിലേയ്ക്കു ലഭിക്കുന്ന ഫണ്ട് ഒരു പ്രത്യേക ഫണ്ടായി, ഒരു പ്രത്യേക ഹെഡ്ഡിൽ സൂക്ഷിക്കണമെന്നായിരുന്നു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു ചോദിക്കുകയാണ്, ആരാണ് ആ തീരുമാനത്തെ അട്ടിമറിച്ചത്? എന്തിനുവേണ്ടിയാണ്. ആ തീരുമാനത്തെ അട്ടിമറിച്ചത്? ആർക്കു വേണ്ടിയായിരുന്നു? തന്നിഷ്ടം കാണിക്കാൻ വേണ്ടിയാണോ ആ തീരുമാനത്തെ ഗവൺമെൻറ് ഇപ്പോൾ മറന്നു കളഞ്ഞതായി ഭാവിക്കുന്നത്? അന്നു മുഖ്യമന്ത്രി പറഞ്ഞു, ഇവിടെയൊരു കമ്മിറ്റി ഉണ്ടാക്കും, ആ കമ്മിറ്റിയിൽ പ്രതിപക്ഷത്തേയും ഭരണപക്ഷത്തേയും പാർട്ടികൾക്കെല്ലാം പ്രാതിനിധ്യം ഉണ്ടാകും. മുൻമുഖ്യമന്ത്രിമാർ എല്ലാവരും അതിനകത്ത് മെമ്പർമാർ ആയിരിക്കും. അന്തരിച്ച പി. കെ. വാസുദേവൻ നായർ, ശ്രീ. എ. കെ. ആൻറണി, ശ്രീ. കെ. കരുണാകരൻ തുടങ്ങി എല്ലാവരും അടങ്ങുന്ന ഒരു കമ്മിറ്റിയുടെ മുമ്പാകെ കൃത്യമായ കണക്ക് വയ്ക്കുമെന്ന് പറഞ്ഞല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം, നിങ്ങൾ അന്നു പറഞ്ഞു, ഒരു ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഈ കമ്മിറ്റി മുമ്പാകെ വയ്ക്കുമെന്ന്. സമയബന്ധിതമായി ഓരോ പ്രവൃത്തിയുടെയും ഘട്ടങ്ങൾ നോക്കി ഈ കമ്മിറ്റിക്കു മുമ്പാകെ വരവിനേയും ചെലവിനേയും

LIBRARY ARCHIVES Kerala Legislative Assembly

ശക്തമായ കണക്കുകൂടി എടുക്കുമെന്നു പറഞ്ഞു. മുഖ്യമന്ത്രി ഇപ്പോൾ പറയുന്നു ഞാൻ മാവിലായിക്കാരനാണെന്ന്. അങ്ങ് മാവിലായിക്കാരനാകരുത്. അങ്ങ് ഒരു യോഗം വിളിച്ചുകൂട്ടണം. രാഷ്ട്രീയ പ്രവർത്തകരോടും നാടിനോടും പറഞ്ഞ കാര്യങ്ങൾ പാലിക്കാൻ കാണിച്ച വീഴ്ചയുടെ കാരണം ഈ സഭയ്ക്ക് അറിഞ്ഞേ മതിയാകൂ. എന്തുകൊണ്ട് ആ കമ്മിറ്റി വിളിച്ചു കൂട്ടിയില്ല. ആ കമ്മിറ്റി വിളിച്ചുകൂട്ടിയിട്ട് ഏഴ് മാസമായി. ഏഴ് മാസമായിട്ട് ആ കമ്മിറ്റി വിളിച്ചു കൂട്ടാതെ, Action Taken Report അവിടെ വയ്ക്കാതെ വരവിനേയും ചെലവിനേയും കാര്യങ്ങളെപ്പറ്റി ഒന്നും പറയാതെ മുഖ്യമന്ത്രി ഇപ്പോൾ പറയുന്നു ഞങ്ങൾ CMDRF-ന്റെ പുറകെ പോകുകയാണെന്ന്. നിങ്ങൾ എന്തുകൊണ്ട് ആ കാര്യങ്ങൾ അവിടെ പറഞ്ഞില്ല? അതാണ് മുഖ്യമായ വിഷയം. കണക്കിന്റെ കാര്യമാണ്. ആ പണം നാടിന്റെ പണമാണ്. ജനങ്ങൾ പാവങ്ങൾക്കുവേണ്ടി കൊടുത്ത പണമാണ്. ആ പണമാണ് ഇത്രത്തോളം നിരുത്തരവാദപരമായി ചെലവഴിക്കുന്നത്. ഈ നയം കേരളം പറയുന്നു തെറ്റാണെന്ന്, വഞ്ചനാപരമാണെന്ന്. ഈ ഗവൺമെന്റ് ഉത്തരം പറഞ്ഞേ മതിയാകൂ. അതാണ് ഞങ്ങൾ ആവശ്യപ്പെട്ടത്. കൊല്ലം ആലപ്പാട് പഞ്ചായത്തിലെ കാര്യമെന്താണ്. അതിലേക്ക് പോകുംമുമ്പ് ഞാൻ അങ്ങയോട് ഒന്നു പറയട്ടെ അങ്ങയുടെ വകുപ്പാണ് നോർക്കാ വകുപ്പ്. നോർക്കാ വകുപ്പിനേറ്റായി ഒരു അഭ്യർത്ഥന വന്നു. നോർക്കാ ചാരിറ്റി മിഷൻ. The largest humanitarian mission by Non-Resident Indians എന്നു പറയുന്ന ഒരു പത്ര പരസ്യം വന്നു. അത് അമേരിക്കയിലെ പത്രങ്ങളിലാണ് വന്നത്. (പത്രം സഭയിൽ കാണിച്ചു) അമേരിക്കയിലെ പത്രത്തിൽ വന്നതാണ്. അതിനകത്ത് ഒരുപാട് കുട്ടികളുടെ പടമുണ്ട്. അതിൽ പറയുന്നത് സുനാമി ദുരന്തത്തിൽ പെട്ടവരെ സഹായിക്കാൻ വേണ്ടി കേരള മുഖ്യമന്ത്രി നിയന്ത്രിക്കുന്ന, നോർക്കയുടെ പ്രവാസി വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന നോർക്കയുടെ അമേരിക്കൻ റീജിയൻ പണം പിരിക്കുന്നതിനായി പെന്തകോസ്റ്റ് ഇൻഡ്യാ മിഷൻ ചർച്ച് അതിന്റെ ഹൂസ്റ്റൺ ശാഖ നോർക്കയുടെ പേരിൽ ആയിരം ഡോളർ കൊടുത്തതിന്റെ ഫോട്ടോകോപ്പിയാണ് ഇത്. ഇത് നോർക്കയ്ക്ക് കൊടുത്തിരിക്കുന്നു. അങ്ങ് ഇതിന് ഉത്തരം പറയണം. പ്രവാസി വകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന നോർക്കയുടെ അമേരിക്കൻ റീജിയൻ കമ്മിറ്റിയെപ്പറ്റി അങ്ങ് പറയണം. ഞങ്ങൾക്കറിയില്ല. ഞാൻ നോർക്കയുടേയും പ്രവാസി വകുപ്പിന്റേയും ചുമതലയുള്ള മുഖ്യമന്ത്രിയോടാണ് ചോദിക്കുന്നത്. എനിക്കറിയില്ല. എനിക്ക് പത്രം കീട്ടിയതാണ്. ഹൂസ്റ്റണിൽ നിന്നും പുറത്തിറങ്ങുന്ന ഹൂസ്റ്റണിലെ മലയാളി പത്രമാണ്. അതിന്റെ പേരുതന്നെ മലയാളി എന്നാണ്. ഞാൻ ഈ പത്രം മേശപ്പുറത്ത് വയ്ക്കാം. ഇവിടെ പലരും പറയുന്നതുപോലെയല്ല മേശപുറത്ത് വയ്ക്കാമെന്ന് പറയും അവിടെപ്പോയി നോക്കിയാൽ മേശപ്പുറം ശൂന്യമായിരിക്കും. ഞാൻ ഈ പത്രം മേശപ്പുറത്ത് വയ്ക്കാം. ആ പത്രം ഇപ്പോൾതന്നെ മേശപ്പുറത്തു വയ്ക്കുന്നു. ഇങ്ങനെ നോക്കിയാൽ അനവധി കോടികൾ അനധികൃതമായി ഇതിന്റെ പേരിൽ പിരിക്കപ്പെട്ടതായി കാണാൻ കഴിയും. ഗവൺമെന്റിന്റെ അനുമതി കൊണ്ടോ പിൻതുണ കൊണ്ടോ കേരളത്തിലെ പാവങ്ങളുടെ പേരിൽ ഓരോരോ ആളുകൾ തോന്നുന്നതു പോലെ പണം പിരിച്ചിട്ട് ആ പണം എവിടെ പോയി? അതുപോലെ അങ്ങ് പറയുന്ന കണക്കു പ്രകാരമാണെങ്കിൽ 2005 ജൂലൈ മാസം 25-നുള്ള കണക്കെന്നു പറയുമ്പോൾ നമുക്ക് മനസ്സിലാകും. കെ. ടി. ജലീലിന്റെ വിമർശനം പൊന്തിവന്നപ്പോൾ അതിനുശേഷം മുസ്ലീം ലീഗിന്റെ സംസ്ഥാന കമ്മിറ്റി പിരിച്ചതായി പറയപ്പെടുന്ന ആ പണമടക്കമാണ് ഈ സംഖ്യ.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനോട് ആദരവോടുകൂടി ചോദിക്കുന്നു കെ. ടി. ജലീലിനെപ്പോലുള്ള ഒരാൾ പരസ്യ വിമർശനം ഉന്നയിക്കുംവരെ എന്തുകൊണ്ടാണ് മുസ്ലീം ലീഗ് ആ പണത്തിന്റെ മേൽ അടയിരുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, I am raising a point of order. നിയമസഭാ നടപടി ചട്ടപ്രകാരം അടിയന്തിര പ്രമേയത്തിന് നോട്ടീസ് കൊടുത്താൽ ആ സബ്ജക്ടിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്നാണ് നിയമസഭാ പ്രൊസീഡിംഗ്സിൽ പറയുന്നത്. മുസ്ലീം ലീഗിന്റെ കാര്യം അദ്ദേഹം കൊടുത്ത നോട്ടീസിൽ ഇല്ല. ഒരിക്കലും നോട്ടീസിൽ പറയാത്ത ഒരു കാര്യം സഭയിൽ ഉന്നയിക്കുന്നത് ചട്ടപ്രകാരമാണോ?

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്.....ഈ നിയമസഭയിൽ പതിവിൽ നിന്ന് വിഭിന്നമായിതന്നെ അടിയന്തിര പ്രമേയങ്ങളും വരുമ്പോഴും സാങ്കേതികത്വം പറയാതെ പറയാൻ അവസരം നൽകാറുണ്ട്. പക്ഷെ അതേ സമയത്ത് ആ ലിബറൽ ആറ്റിറ്റ്യൂഡ് കാടുകയറാനുള്ള ഒരു ലൈസൻസായി ആരും കണക്കാക്കരുത്. അടിയന്തിര പ്രമേയത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് സംസാരിക്കുന്നതാണ് നടപടിക്രമങ്ങൾക്കും സഭയുടെ അന്തസ്സ് നിലനിർത്താനും നല്ലത്. അടിയന്തിര പ്രമേയത്തിന് ചില പരിധികളൊക്കെയുണ്ട്. കഴിയുന്നതും അത് പരിപാലിക്കാൻ എല്ലാവരും തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അല്ലാതെ അടിയന്തിര പ്രമേയത്തിന് ലോകത്തുള്ള എല്ലാ കാര്യങ്ങളും പറഞ്ഞ് വിവാദങ്ങൾ സൃഷ്ടിക്കുന്നതിൽ വലിയ കാര്യമൊന്നുമില്ല. കഴിയുന്നതും അതിൽ stick-up ചെയ്ത് അതിന്റെ അന്തസ്സിൽ കൊണ്ടുപോകുക.

ശ്രീ. ബിനോയ് വിശ്വം: സുനാമിയുടേതല്ലാത്ത ഒരു കാര്യവും ഞാൻ പറയുന്നതല്ല. സുനാമിയുമായി ബന്ധപ്പെടാത്ത ഒന്നും ഞാൻ പറഞ്ഞിട്ടില്ല, പറയുകയുമില്ല. എന്റെ ചോദ്യം ലളിതമാണ്, നിഷ്കളങ്കമാണ്, straight ആണ്. അത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെ പ്രകോപിപ്പിച്ചുയെങ്കിൽ ഞാൻ ഉദ്ദേശിച്ച കാര്യമല്ല. ആ പ്രകോപനം ശരിക്കു പറഞ്ഞാൽ അനാവശ്യമായിരുന്നു, ലീഗിനെപ്പോലുള്ള ഒരു പാർട്ടിക്ക് എന്തെങ്കിലും കാര്യം പറയാനുണ്ടെങ്കിൽ ആ കാര്യം കേൾക്കാൻ നമുക്ക് സന്തോഷമേയുള്ളൂ, താൽപര്യമേയുള്ളൂ. ഈ സഭയിൽ ശ്രീ. പി. സി. ജോർജ്ജിനുള്ള മറുപടിയായി മുഖ്യമന്ത്രി 27-5-2005-ന് ഒരു ഉത്തരം പറയുകയുണ്ടായി. ആ ഉത്തരത്തിൽ പറഞ്ഞത് 26-12-2004 മുതൽ 21-7-2005 വരെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് വിവിധ രാഷ്ട്രീയ പാർട്ടികളും താഴെപ്പറയുംപ്രകാരമുള്ള തുകകളും സംഭാവന നൽകിയിട്ടുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സും പോഷക സംഘടനകളും ഇരുപത്തിയാറ് ലക്ഷത്തി എൺപതിനായിരത്തി അമ്പത് രൂപ, സി. പി. ഐ. ഇരുപത് ലക്ഷത്തി പന്ത്രണ്ടായിരത്തി നൂറ്റി പതിനൊന്ന് രൂപ, ജനതാദൾ അയ്യായിരം രൂപ, നാഷണൽ യൂത്ത് ലീഗ് ആറായിരത്തി തൊള്ളായിരത്തി അഞ്ച് രൂപ അങ്ങനെ ആകെ നാൽപ്പത്തിയേഴ് ലക്ഷത്തി നാലായിരത്തി അറുപത്തിയാറ് രൂപ, ഇതിനകത്ത് മുസ്ലീം ലീഗിന്റെ പേര് കാണുന്നില്ല. സുനാമിയുടെ പിരിവ് നടത്തിയതിൽ മുസ്ലീം ലീഗിന്റെ ഫണ്ട് കിട്ടിയെന്ന് മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ആ ലീഗിന്റെ പണം കാണാതെ പോയി എന്നു വന്നാൽ അതിന് മറുപടി അങ്ങ് പറയണം. എവിടെയാണ് പണം? CMDRF-ന്റെ പണത്തിന്റെ വരവിന്റേയും ചെലവിന്റേയും കാര്യങ്ങൾ ആരാണ് നോക്കുന്നത്. CMDRF-ന്റെ പണത്തിന്റെ രസീത് സി. എം. -ന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഒപ്പിട്ട ലെറ്റർ പേഡാണോ? എന്റെ പാർട്ടിയിൽ കിട്ടി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യയ്ക്ക് കിട്ടിയത് റസീപ്റ്റ് ആണ്. ആ റസീപ്റ്റ് സി. എം. -ന്റെ ലെറ്റർപേഡ് ആയിരുന്നില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് കൊടുത്തത് റസീപ്റ്റ് ആണ്. എനിക്കുറപ്പുണ്ട്. നാഷണൽ യൂത്ത് ലീഗിനും ജനതാദളിനും കൊടുത്തത് റസീപ്റ്റാണ്. എന്തുകൊണ്ട് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ പാർട്ടിക്കു മാത്രം, ലെറ്റർ പേഡിൽ റസീപ്റ്റ് കൊടുക്കുന്നു. മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ലെറ്റർ പേഡിൽ കത്ത് കൊടുത്തു കഴിഞ്ഞതാണെന്നാണ്. 'ചന്ദ്രിക'യുടെ പേരി ലുണ്ടായിരുന്ന, കോഴിക്കോട്ടെ എസ്. ബി. ഐ. ബ്രാഞ്ചിൽ നിന്നും ആ പണം വിത്ത്ഡ്രാ ചെയ്യപ്പെട്ട കാര്യം പൊളിയിക്കാൻ ഞാൻ തയ്യാറാണ്. എന്നുപറഞ്ഞാൽ ഇവിടെ പണം കിട്ടിയെന്ന് മുഖ്യമന്ത്രി പറയുമ്പോഴേ മുസ്ലീം ലീഗിന്റെ പണം ഇവിടെ കിട്ടിയിരുന്നില്ല. അതിനുശേഷമാണ് എസ്. ബി. ഐ. -യിൽ നിന്നും പണം വിത്ത്ഡ്രാ ചെയ്തതും ബാക്കി യെല്ലാം ഉണ്ടായത്. CMDRF എന്നു പറയുന്നത് ഒരു കൊച്ചുകാര്യമല്ല. ഈ സംസ്ഥാനത്തിന്റെ ദുരിതങ്ങൾക്കും ദുഃഖങ്ങൾക്കുമെല്ലാം പരിഹാരമായി കൊടുക്കേണ്ടതാണ് CMDRF -ന്റെ പണം. മുഖ്യമന്ത്രി ആരുമാകട്ടെ CMDRF എന്നുപറയുന്നത് കൃത്യമായി കണക്കുള്ള വർവിന്റേയും ചെല വിന്റേയും കാര്യങ്ങൾ രേഖപ്പെടുത്തേണ്ടുന്ന, കിട്ടുന്ന പണത്തിന് കൃത്യ മായി രസീത് കൊടുക്കുന്ന, ഏതെങ്കിലും രാഷ്ട്രീയ പാർട്ടി പറയുമ്പോഴേ ലെറ്റർപേഡ് എഴുതി ഒപ്പിട്ടു കൊടുത്തുകൂടാത്ത, അധികാരത്വമുള്ള, ഭാവനത്വമുള്ള, പരിശുദ്ധമായ ഒരു ഫണ്ടാണ് അതെന്ന് ഞാൻ കാണുന്നു. സുനാമി ഫണ്ടിന്റെ കാര്യത്തിൽ ഒട്ടേറെ ക്രമക്കേടുകൾക്കും ഒട്ടേറെ വ്യത്തി കേടിനുമെല്ലാം വഴിതുറക്കാൻവേണ്ടി CMDRF-നെ യു. ഡി. എഫ്. ഗവൺ മെന്റ് ഏറ്റവും വിലകുറഞ്ഞ ഒന്നാക്കിമാറ്റി. ഏതോ അങ്ങാടിയിലെ പണം പോലെ കൈകാര്യം ചെയ്യാനുള്ള പണമായി ഇതിനെ മാറ്റി. അതു കൊണ്ടാണ് ഈ കൊടുക്കലിന്റേയും വാങ്ങലിന്റേയും കാര്യം ഇവിടെ ഉന്നയിക്കാൻ നമ്മൾ നിർബന്ധിതരായത്. മുസ്ലീം ലീഗ് കൊടുത്ത എല്ലാ പണവും കൃത്യമായി കൊടുത്തു എങ്കിൽ, അത് മുഖ്യമന്ത്രി ഏറ്റുവാങ്ങി യെങ്കിൽ, അതിന് രസീത് കൊടുത്തുവെങ്കിൽ ഞാൻ രണ്ടു കയ്യും പൊക്കി പറയുന്നു സന്തോഷം മാത്രമേയുള്ളൂ. പക്ഷേ ഇത് കേൾക്കുമ്പോഴേ ബേജാറാ കരുത് എന്നുമാത്രം ഞാൻ കൂട്ടിച്ചേർക്കട്ടെ. ഇത്രയും അധികം പണം കിട്ടിയിട്ടും സുനാമി ബാധിത പ്രദേശങ്ങളായ ആറാട്ടുപുഴ, ആലപ്പാട്, എടവനക്കാട് പഞ്ചായത്തുകളിലെ സ്ഥിതി എന്താണ്? ഏതാനും മാസ ങ്ങൾക്കുമുമ്പ് ഞങ്ങൾ അവിടെ പോയിരുന്നു. ഞാൻ ഇന്നലെ അവിടെ വിളിച്ചു ചോദിച്ചു അവിടെ എന്താണ് ഇപ്പോഴത്തെ സ്ഥിതിയെന്ന്. രണ്ടു മാസം മുമ്പ് കണ്ട അതേ സ്ഥിതിയിൽ നിന്നും ഒട്ടും വ്യത്യസ്ത മല്ല ഇപ്പോഴത്തെ സ്ഥിതി എന്നാണ് അറിയാൻ കഴിഞ്ഞത്. അവിടെ കനത്ത മഴയാണ്. ഈ കനത്ത മഴയിൽ കാലിത്തൊഴുത്തിനേക്കാൾ മോശ മായ ചുറ്റുപാടിൽ ആ മനുഷ്യർ അവിടെ കഴിയുന്നു. ആ ഷെഡ്ഡു കളിൽ മനുഷ്യർക്ക് താമസിക്കാൻ പറ്റിയ അവസ്ഥയല്ല ഉള്ളത്. കൊച്ചു മുറികളിൽ അച്ഛൻ, അമ്മ, പ്രായപൂർത്തിയായ മക്കൾ, ആൺകുട്ടികൾ, പെൺകുട്ടികൾ, അവരുടെ മക്കൾ എല്ലാപേരുംകൂടി മാസങ്ങളായിട്ട് ഒരു മുറിയിൽ കഴിയുന്നു. ആ മുറിക്കകത്ത് കഴിയുന്ന പാവങ്ങൾക്ക് സ്ഥിര മായി പാർക്കാൻ ഇടം കൊടുക്കാമെന്ന് അങ്ങ് ഇവിടെ പറഞ്ഞില്ലേ? എവിടെ പോയി അവർക്ക് പാർക്കാൻവേണ്ടി കൊടുത്ത പാർപ്പിടം? കടൽ ഭിത്തിയുടെ കാര്യം പറഞ്ഞ് മന്ത്രിയുടെ മണ്ഡലത്തിൽ ഒരുപാട് പണം കൊടുത്തു. അരൂർ, ചേർത്തല, ആലപ്പുഴയിൽ എല്ലാം കൊടുത്തു. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ആറാട്ടുപുഴയേയും ആലപ്പാടിനേയും എടവനക്കാടിനേയും മറക്കാൻ എന്താണ് ന്യായം എന്നുകൂടി പറയാൻ ഞാൻ അപേക്ഷിക്കുന്നു. ദുരിതബാധിത പ്രദേശങ്ങളിൽ വ്യക്തികളും സംഘടനകളും പണമായി അല്ലാതെ അരിയായും വസ്ത്രമായും പഞ്ചസാരയായും മറ്റു പല തരത്തിലുള്ള സാധനങ്ങളായും ക്യാമ്പുകളിൽ സംഭാവന കൊടുത്തിട്ടുണ്ട്. അതിന്റെ കണക്ക് വരുമാനം ചൂണ്ടിക്കാണിക്കാൻ അങ്ങ് തയ്യാറാകുമോ? ആ കണക്കുകൂടി വച്ചാലേ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. ഈ സഭയിൽ ശ്രീ. കോവൂർ കുഞ്ഞുമോൻ ഗുരുതരമായ ഒരു കാര്യം എഴുതിക്കൊടുത്ത് ഉന്നയിച്ചു. ചേർത്തലയിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം സുനാമി ഫണ്ടിൽ നിന്ന് 14 കുഴൽക്കിണറുകളും 140 മീറ്റർ പൈപ്പ് ലൈനും സ്ഥാപിച്ചു. ആ 14 കുഴൽക്കിണറിൽ 11 എണ്ണത്തിലും വെള്ളമില്ല. 9 കോടി രൂപ മുടക്കി എന്നു കണക്കു. സി. എം. ഡി. ആർ. എഫ്. ൽ നിന്നും വാസ്തവത്തിൽ ചെലവഴിച്ചത് 5 കോടി രൂപയാണ്. ബാക്കി 4 കോടി രൂപ എവിടെപ്പോയി? പാവപ്പെട്ടവരുടെ ദുരിതങ്ങളെ തെല്ലും മാനിക്കാതെ അതിനുവേണ്ടി പിരിച്ച പണം വകമാറ്റി ചെലവഴിച്ച ഗവൺമെന്റിനെ നാടിതാ വെല്ലുവിളിക്കുകയാണ്. കൃത്യമായ കണക്ക് എടുക്കണമെന്ന് ലോകായുക്ത ആവശ്യപ്പെട്ടിരിക്കുകയാണ്. രാഷ്ട്രീയമായ മാന്യതയുണ്ടെങ്കിൽ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും രാജിവെച്ച് ഒഴിഞ്ഞു പോകാനുള്ള സൻമനസ് കാണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്രയും ഗുരുതരമായ വിഷയത്തെ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഇത്തരമൊരു ചർച്ചയ്ക്ക് അവസരമുണ്ടാക്കിയതിൽ പ്രത്യേകമായി നന്ദി പറയുന്നു. ഈ ഗവൺമെന്റിനെ വിമർശിക്കാൻവേണ്ടി നിങ്ങൾ എവിടെ വരെ പോകണം? സുനാമി വിട്ട് ഒരു കാര്യവും പറയുന്നില്ല എന്ന് പറഞ്ഞിട്ട് ഇവിടെ കാശ് പിരിച്ചു എന്ന് അമേരിക്കയിലെ ഒരു മലയാളി പത്രം എടുത്ത് വായിച്ചു. NORKANA (Non-Resident Keralites Association of North America) എന്ന് പറയുന്നത് അമേരിക്കയിലെ ഒരു മലയാളി സംഘടനയാണ്. ഈ സംഘടനയുടെ പേരിൽ കഴിഞ്ഞ 2 കൊല്ലമായി കേരളത്തിൽ വർഷംതോറും സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തിവരികയാണ്. കഴിഞ്ഞ രണ്ടു വർഷമായി കേരളത്തിൽ അവർ ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നു. രണ്ട് ക്യാമ്പുകളിലായി 600-ഓളം പാവപ്പെട്ട സ്ത്രീകൾക്കും കുട്ടികൾക്കും അവർ പ്ലാസ്റ്റിക് സർജറി നടത്തി. കോട്ടയത്തെ മുണ്ടക്കപ്പാടം ആശുപത്രി, ചങ്ങനാശ്ശേരി പെത്തിപ്പുഴ ആശുപത്രി. ഡോക്ടർ കെ. സി. ജോസഫും അതിൽ പങ്കെടുത്തിരുന്നതാണ്. അതിനുവേണ്ടി അവർ പിരിച്ചതാണ്. മലയാളികൾ എവിടെച്ചെന്നാലും അഭിപ്രായ വ്യത്യാസം ഉണ്ടാകുമല്ലോ. അതിനാണ് നോർക്കയുടെ പേരിൽ പിരിച്ചു എന്ന് ഹെഡിംഗ് വച്ച് കൊടുത്തിരിക്കുന്നത്. പക്ഷേ താഴോട്ടുള്ള വാർത്തകൂടി ഒന്ന് വായിക്കണം. ശ്രീ. ബിനോയ് വിശ്വം ഗവൺമെന്റിനെ വിമർശിക്കാൻവേണ്ടി ഇങ്ങനെ ഒരു രേഖ അങ്ങ് ഇവിടെ കൊണ്ടു വരേണ്ടിവന്നല്ലോ എന്ന് ഓർക്കുമ്പോൾ എനിക്ക് വളരെ ദുഃഖമുണ്ട്. പിന്നെ ലീഗിന്റെ പൈസ പിരിച്ചിട്ട് മുഖ്യമന്ത്രിയുടെ കത്ത് മാത്രമേ കിട്ടിയുള്ളൂ, ശ്രീ. പി. സി. ജോർജ്ജിന് കൊടുത്ത മറുപടിക്കത്ത് ഇത് കാണുന്നില്ല എന്ന് പറഞ്ഞു. എന്റെ കയ്യിൽ കിട്ടിയ എല്ലാ ചെക്കുകൾക്കും കത്തു കൊടുത്തു. ഞാൻ അത് ഫൈനാൻസിന്റെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ കൊടുത്തു. അവർ അതിന്റെ രസീത് ഇഷ്യൂ ചെയ്തു. ചെക്ക് മാറി പണം കിട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

ശേഷമാണ് അവർ രസീത് കൊടുക്കുന്നത്. (.....ബഹളം.....) ഇതിൽ അസാധാരണമായി യാതൊന്നുമില്ല. ഇതേ നടപടിക്രമമനുസരിച്ച് പതിനായിരക്കണക്കിന് ചെക്കുകളും സ്വീകരിച്ചിട്ടുണ്ട്. ശ്രീ. പി. സി. കൊടുത്ത മറുപടിക്കുകത്ത് മുസ്ലീംലീഗ് തന്ന പൈസയുടെ കണക്ക് ഇല്ല എന്ന് പറഞ്ഞു. പി. സി. ജോർജ്ജ് ചോദിച്ചത് രാഷ്ട്രീയ പാർട്ടികളും തന്ന തുകയെക്കുറിച്ചാണ്. മുസ്ലീംലീഗ് ചെക്കും രൂപയും തന്നിട്ടില്ല. ചന്ദ്രിക പത്രത്തിന്റെ പേരിലാണ് ചെക്ക് നൽകിയിട്ടുള്ളത്.

ശ്രീ. പി. സി. ജോർജ്ജ്: എന്റെ ചോദ്യം രാഷ്ട്രീയ പാർട്ടികളും തന്നെയാണ്. മുസ്ലീംലീഗിന്റെ ആധികാരിക പത്രം ചന്ദ്രികയിൽ മുസ്ലീം ലീഗിന്റെ സംസ്ഥാന പ്രസിഡന്റിന്റേയും സെക്രട്ടറി കുഞ്ഞാലിക്കുട്ടി യുടേയും പേരിൽ സുനാമി ഫണ്ട് സ്വീകരിച്ചത്. മുസ്ലീംലീഗാണ്, ഇവിടെ പറഞ്ഞത് 19-ാം തീയതിയാണ്, അങ്ങ് ഉത്തരം തന്നത് 27-ാം തീയതിയാണ്. അങ്ങ് ഒളിച്ചുകളിക്കുകയാണ്.

ശ്രീ. ഉമ്മൻചാണ്ടി: ബഹുമാനപ്പെട്ട പി. സി. ജോർജ്ജ് അങ്ങയുടെ ചോദ്യം വന്നപ്പോൾ അതിന്റെ മറുപടി തയ്യാറാക്കിയത് ഞാനാണ്. 10 A. M.] ഞാൻ ഇതു കണ്ടുകൊണ്ട് പ്രത്യേകം എടുത്തു ചോദിക്കുന്നു. ഈ തുകയുടെ കാര്യത്തിൽ എങ്ങനെയാണെന്ന്. അപ്പോൾ പറഞ്ഞു ഇത് ചന്ദ്രികാ പത്രത്തിന്റെ പേരിലാണ് ചെക്ക് നൽകിയി ട്ടുള്ളത് എന്ന്. രാഷ്ട്രീയ പാർട്ടികൾ നൽകിയിട്ടുള്ള ചെക്കുകളെ കുറിച്ചാണ് ശ്രീ. പി. സി. ജോർജ്ജ് പറഞ്ഞത്. അങ്ങനെ വരുമ്പോൾ പല ചാനലുകളും പത്രങ്ങളും ചെക്ക് തന്നിട്ടുണ്ട്. അതൊന്നും ഇതിന്റെ കണക്കിൽ വന്നിട്ടില്ല. എനിക്ക് പറയാനുള്ളത് ഇതുപോലുള്ള കാര്യങ്ങൾ ഒന്നും വളച്ചൊടിക്കരുത്..

(ബഹളം.....ബഹളം.....)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ചന്ദ്രിക പത്രം മുഖേനയായിരിക്കും അവർ പൈസ പിരിച്ചി ട്ടുണ്ടാകുക എന്നാണ്. ആ ചന്ദ്രികാ പത്രത്തിന്റേതായിട്ടാണ് പിന്നീട് തന്നത് എന്ന്. പക്ഷെ മുഖ്യമന്ത്രി കത്ത് കൊടുത്തത് ചന്ദ്രിക പത്രത്തിന്റെ പൈസ കിട്ടി എന്നാണോ, മുസ്ലീംലീഗിന്റെ പൈസ കിട്ടി എന്നാണോ? എന്താണ് അങ്ങ് കൊടുത്ത കത്ത്?

ശ്രീ. ഉമ്മൻചാണ്ടി: അതിനെന്താ സംശയം ആരാണോ തുക ഏൽപ്പി ക്കുന്നത് അവർക്കാണ് കത്ത് കൊടുക്കുന്നത്. അതനുസരിച്ച് തുക ഏൽപ്പിക്കുന്നവർക്കൊക്കെ കത്തും റസീപ്പും നൽകിയിട്ടുമുണ്ട്.

(ബഹളം.....ബഹളം.....)

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.

(ബഹളം.....ബഹളം.....)

ഇവിടെ ചർച്ച നടത്തുന്നത് പരസ്പരം ബഹളം കൂട്ടാനല്ല, സംഗതികളുടെ യഥാർത്ഥ സ്ഥിതികളറിയാനാണ്. അതറിയാൻ സമ്മതിക്കാതെ ഒരാൾ പറയുമ്പോൾ ഇങ്ങനെ ബഹളം കൂട്ടിയാൽ, ഇതാണോ നമ്മുടെ പർപ്പസ്.

(ബഹളം.....ബഹളം.....)

ശ്രീ. ഉമ്മൻചാണ്ടി: ഞാൻ മറുപടി പറയുമ്പോൾ ബഹളം ഉണ്ടാക്കു മെന്നറിയാം. കാരണം പ്രചരണം ഉണ്ടാക്കിയിട്ട് അതിന്റെ സത്യാവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കാൻ പ്രയാസമുണ്ടാകുമെന്നറിയാം. ശ്രീ. ബിനോയ് വിശ്വം പറഞ്ഞു ഇതു വളരെ ഗുരുതരമായ പ്രശ്നമാണെന്ന്, ഞാൻ സമ്മതിക്കുന്നു, വളരെ ഗുരുതരമായ പ്രശ്നമാണ്. എന്താ ഗുരുതരമെന്നറിയാമോ. അടിയന്തിര പ്രമേയം തന്നിരിക്കുകയാണ്. സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവനയായി ലഭിച്ച 27.95 കോടി രൂപ വകമാറ്റി ചെലവഴിച്ചതായി ലോകായുക്ത കണ്ടെത്തിയിരിക്കുന്ന റിപ്പോർട്ട് പുറത്തു വന്നിരിക്കുകയും ഇത് സുനാമി ബാധിതരിലും പ്രകൃതിക്ഷോഭത്തിൽ വലയുന്ന ജനങ്ങളെയാകെത്തന്നെയും കടുത്ത ആശങ്ക ഉളവാക്കിയിരിക്കുന്നു എന്നുമാണ് പറഞ്ഞിട്ടുള്ളത്. 27.95 കോടി രൂപ വകമാറ്റി ഗവൺമെൻറ് ചെലവഴിച്ചിരിക്കുന്നു. ഇത് ഗുരുതരം തന്നെയാണ്. 27.95 കോടി രൂപ സുനാമിക്കുവേണ്ടി ചെലവഴിച്ചിരിക്കുകയാണ്. അത് വകമാറ്റി ചെലവഴിച്ചു എന്നാണ് ഇവിടെ അടിയന്തിര പ്രമേയം. അത് ഗുരുതരമാണ്. ചെലവഴിച്ചത് എന്തിനാണെന്നറിയാമോ?

(ബഹളം.....ബഹളം.....)

27.95 കോടി രൂപ ചെലവഴിച്ചതിന്റെ വിവരം പറയാം, സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിന് 4.58 കോടി രൂപയും വെൽഫെയർ സ്കീമിന് 0.487 കോടി രൂപയും കടൽ ഭിത്തി നിർമ്മാണത്തിനായി ട്രാൻസ്ഫർ ചെയ്തത് 20.5 കോടി രൂപയും ഹാച്ചറിക്കും ഫിഷ്യാർഡിനും ഉണ്ടായ നഷ്ടങ്ങൾ തീർക്കുന്നതിന് 2 കോടി രൂപയും (ആകെ 27.567 കോടി രൂപ) ചെലവഴിച്ചത് സുനാമിക്കുവേണ്ടിയാണ്. ഇത് വകമാറ്റി ചെലവഴിച്ചു എന്നാണ് ഇന്ന് ഇവിടെ എഴുതി തന്നിരിക്കുന്നത്.

(ബഹളം.....ബഹളം.....)

ലോകായുക്ത പറഞ്ഞ കാര്യം ഞാൻ പറയാം, നിങ്ങൾ ആരെങ്കിലും വന്ന് എന്തെങ്കിലും പറയുന്നത് കേട്ട് അടിയന്തിര പ്രമേയം ഇവിടെ കൊണ്ടുവരരുത്. ലോകായുക്ത പറഞ്ഞത് കേൾക്കണം. ഇതൊന്ന് എക്സ്പ്ലെയിൻ ചെയ്യാൻ അവസരം കിട്ടിയത് നന്നായി. ലോകായുക്ത പറഞ്ഞത് 26-12-2004 മുതൽ 25-7-2005 വരെ സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് 40.02 കോടി രൂപ കിട്ടിയതിൽ 36.25 കോടി രൂപയും ചെലവായി. അതിൽ 27.95 കോടി രൂപ സുനാമിക്കുവേണ്ടിയാണ് ചെലവായത്. ഇത് തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച സ്റ്റേറ്റുമെന്റാണ് ലോകായുക്ത ആവശ്യപ്പെട്ടിരിക്കുന്നത്. ലോകായുക്തന്ന ഓർഡറിന്റെ കോപ്പി അതിന്റെ വിശദ വിവരങ്ങൾ ഗവൺമെന്റിന്റെ കൈയിലുണ്ട്. ലോകായുക്ത തന്നിരിക്കുന്ന സ്റ്റേറ്റുമെന്റിൽ ഒരു സ്ഥലത്തും തുക വകമാറ്റി ചെലവഴിച്ചു എന്ന് പറഞ്ഞിട്ടില്ല. ലോകായുക്ത ആകെ ചോദിച്ചിരിക്കുന്നത് അതിന്റെ ഡീറ്റെയിൽസാണ്.

(ബഹളം.....ബഹളം.....)

മി. കോടിയേരി, നിങ്ങൾ ഇങ്ങനെ കൺഫ്യൂസ് ചെയ്യരുത്, കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടിയത് സി.ആർ.എഫ്. ആണ്. ഇവിടെ ഉണ്ടായിട്ടുള്ളത് സി.എം.ഡി.ആർ.എഫ്.-ന്റെ കാര്യമാണ്.

(ബഹളം.....ബഹളം.....)

മി. സ്പീക്കർ: Please.....Please.....Please take your seat.

ശ്രീ. ഉമ്മൻചാണ്ടി: ഇത് വളരെ നിർഭാഗ്യകരമായ ഒരു പരാമർശമായിപ്പോയി. 27.95 കോടി രൂപ ഗവൺമെന്റ് വകമാറ്റി ചെലവഴിച്ചു

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള നിങ്ങൾ ഇതുവരെ നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണം ശരിയാകണമെങ്കിൽ ഇങ്ങനെ എഴുതിവയ്ക്കണം.

(ബഹളം.....ബഹളം.....)

മി. സ്പീക്കർ: Please take your seat. ശ്രീ. ദേവകുമാർ പ്ലീസ്, കലി വന്ന മാതിരി സംസാരിക്കരുത്. What happened to you? നിങ്ങൾക്ക് എന്താ പറഞ്ഞത്, കാര്യങ്ങൾ വകതിരിവായിട്ട് സംസാരിക്കുക. ബഹളം കൂട്ടിയതുകൊണ്ട് കാര്യമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട മെമ്പറുടെ വാർഡിലാണ് ആറാട്ടുപുഴ, അതുകൂടി അങ്ങ് മനസ്സിലാക്കിക്കൊള്ളണം.

മി. സ്പീക്കർ: അതെല്ലാം എനിക്കറിയാം.

ശ്രീ. ഉമ്മൻചാണ്ടി: ഇത് വളരെ വിലകുറഞ്ഞ എന്ന് ഞാൻ പറയുന്നില്ല. ഈ സഭയെ ഇതിനുവേണ്ടി ഉപയോഗിക്കരുത്. ലോകായുക്ത അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇത് കൺഫ്യൂഷനുണ്ടാകുന്നതിനു കാരണം 27 കോടി രൂപ മാത്രമേ ഇതിന് ചെലവഴിച്ചിട്ടുള്ളൂ എന്നു പറയുന്നു, അതിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നാണ് 27 കോടി രൂപ ചെലവഴിച്ചു എന്നു പറയുന്നത്. കേന്ദ്രത്തിൽനിന്ന് 100 കോടി രൂപ കിട്ടി. മൊത്തം ഈ സുനാമിക്കുവേണ്ടി ഗവൺമെന്റ് എത്ര കോടി രൂപ ചെലവഴിച്ചു? ഇത് അറിയാനാണ് നമ്മൾ അടിയന്തിര പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. അങ്ങ് എന്തുകൊണ്ടാണ് അതു സംബന്ധിച്ച് പറയാത്തത്?

ശ്രീ. ഉമ്മൻചാണ്ടി: മി. കോടിയേരി,. ഇവിടെ പ്രശ്നം ഉന്നയിക്കുന്നത് സി. എം. ഡി. ആർ. എഫ്.-നെക്കുറിച്ചാണ്. അപ്പോൾ ഞാൻ സി.ആർ.എഫ്..ന്റെ കാര്യം പറഞ്ഞ് തടിതപ്പാൻ ശ്രമിക്കില്ല. അപ്പോൾ നിങ്ങൾ പറയും സി.ആർ.എഫ്..ന്റെ കാര്യം പറഞ്ഞ് തടിതപ്പി എന്ന്. ഇവിടെ ഉന്നയിച്ചിരിക്കുന്നത് സി.എം.ഡി.ആർ.എഫ്..നെ കുറിച്ചാണ്. ലോകായുക്തയിൽ വന്ന കേസ് സി.എം.ഡി.ആർ.എഫ്..നെ കുറിച്ചാണ്, സി.ആർ.എഫ്..നെ കുറിച്ചല്ല.

(ബഹളം.....ബഹളം.....)

അതുകൊണ്ട് നിങ്ങൾ ഇത് കേൾക്കൂ, നിങ്ങൾ മറുപടി കേൾക്കൂ, ...(ബഹളം).....

ശ്രീ. ബിനോയ് വിശ്വം: അതിനകത്ത് നമ്പർ 1. സുനാമി ഫണ്ട് വിനിയോഗത്തെപ്പറ്റിയാണ്. നമ്പർ 2. അങ്ങ് ഇവിടെ എ. കെ. ബാലന് കൊടുത്ത റിപ്പോർട്ട് ആണെങ്കിൽ 131 കോടി രൂപയുടെ കണക്ക് അങ്ങ് വയ്ക്കണം. നമ്പർ 3. ചന്ദ്രികയും ലീഗും രണ്ടാണെങ്കിൽ ആ വാദം സ്വീകരിക്കാമെങ്കിൽ ഞാൻ ചോദിക്കുന്നു നാഷണൽ യൂത്ത് ലീഗ് രാഷ്ട്രീയ പാർട്ടി അല്ല. നാഷണൽ യൂത്ത് ലീഗ് ഒരു യുവജന സംഘടനയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി: ഇന്ന് നിങ്ങൾ നോട്ടീസ് നൽകിയത് എന്തിനാണ്. ലോകായുക്തയിൽ .....(ബഹളം)..... നിങ്ങൾ അവിടെയിരിക്കൂ, എന്തു ചെയ്യാൻ പറ്റും, നിങ്ങൾ ഈ സഭയെ തെറ്റിദ്ധരിപ്പിക്കാനും ആരോയെഴുതി കൊടുത്തതിന്റെ പേരിൽ ഇവരെക്കൊണ്ട് പറഞ്ഞ് ഇപ്പോൾ അപഹാസ്യരാകുന്നതിന് എന്റെ നേരെ ചാടിയിട്ട് കാര്യമുണ്ടോ? നിങ്ങൾ നോട്ടീസ് നൽകിയിരിക്കുന്നത് ലോകായുക്തയിൽ നിന്ന് പറഞ്ഞ അഭിപ്രായത്തെക്കുറിച്ചല്ലേ? .....(ബഹളം).....അല്ല, അല്ല, നിങ്ങൾ ഒന്നും ഒഴിഞ്ഞുമാറ്റില്ല. എനിക്ക് തുറന്നു കാര്യങ്ങൾ പറയാനും അതിന്റെ സത്യാവസ്ഥ ബോദ്ധ്യപ്പെടുത്താനും കഴിയുമെന്നുള്ള ആത്മ വിശ്വാസത്തോടുകൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. ഇന്നിപ്പോൾ സി. എം. ഡി. ആർ. എഫ്. -നേരത് ലോകായുക്തയുടേതായിട്ടുവന്നു. പൊളിഞ്ഞപ്പോൾ നിങ്ങൾ സി. ആർ. എഫ്. -ന്റെ ചോദിക്കുകയാണ്. ഈ അടിയന്തിര പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. ഇന്നലെ ലോകായുക്തയിലെ ആ സുനാമിഫണ്ടിനെ സംബന്ധിച്ചാണ് വന്നിരിക്കുന്നത്. അതിനകത്ത് വ്യക്തമായിട്ട് പറഞ്ഞിരിക്കുന്നത് ഇതാണ്. നാൽപ്പതു കോടി രണ്ടു ലക്ഷം രൂപ ഈ കാലഘട്ടത്തിൽ കിട്ടി. 36.25 കോടി രൂപ ചെലവഴിച്ചു. 27.95 കോടി രൂപ സുനാമിക്കുവേണ്ടി ചെലവഴിച്ചു. ഈ 36-ഉം 27-ഉം തമ്മിലുള്ള ഡിഫറൻസിന്റെ സ്റ്റേറ്റ്മെന്റ് കൊടുക്കാൻ വേണ്ടി പറഞ്ഞിട്ടുണ്ട്. ഞാൻ അധികാരത്തിൽ വന്നത് ആഗസ്റ്റ് 31-നാണ്. ആഗസ്റ്റ് 31 മുതൽ ഈ സുനാമിയുണ്ടാകുന്ന ഡിസംബർ 26 വരെ സി.എം.ഡി.ആർ.എഫ്-ൽ നിന്ന് നാല് കോടിയിലധികം, എനിക്ക് സൂക്ഷ്മമായ കണക്ക് സെക്രട്ടറിയേറ്റിൽ നിന്ന് കിട്ടിയില്ല. നാലു കോടിക്കും അഞ്ചുകോടിക്കും ഇടയ്ക്കാണ് ചെലവ് വന്നിരിക്കുന്നത്. ഈ ഏഴുമാസക്കാലം, സുനാമിക്കുശേഷം 25-7-2005 വരെയുള്ള ഏഴ് മാസക്കാലം ഈ സുനാമിയിതര ചെലവുകൾ വന്നിരിക്കുന്നത് 8.3 കോടി രൂപയാണ്. സുനാമിക്കു മുമ്പ് നാലു മാസക്കാലം ഉണ്ടായ ചെലവ്, അതുപോലെതന്നെയുള്ള ചെലവേ ഈ കാലത്ത് വന്നിട്ടുള്ളൂ. പാവപ്പെട്ട രോഗികൾക്ക് ചികിൽസാ സഹായം വേണമെന്നു പറഞ്ഞു, എല്ലാ ഭാഗത്തു നിന്നും റിക്വസ്റ്റ് വരും, നടപടിക്രമങ്ങളൊന്നും നോക്കാതെ ഞാൻ സാംഗ്ഷൻ കൊടുക്കും. 100 എണ്ണം കൊടുക്കുമ്പോൾ അതിനകത്ത് ഒരെണ്ണം തെറ്റായിരിക്കും. അല്ലെങ്കിൽ രണ്ടെണ്ണം തെറ്റായിരിക്കും. ഈ രണ്ടെണ്ണം തെറ്റും എന്നുള്ളതുകൊണ്ട് 100 എണ്ണവും റിപ്പോർട്ടിന് അയച്ചാൽ രോഗി മരിച്ചാലും അവർക്ക് സഹായം കിട്ടില്ല. അതുകൊണ്ട് ആ നടപടിക്രമങ്ങൾ നിങ്ങൾക്കെല്ലാമറിയാമല്ലോ, ഈ സഭയിൽ ഏതെങ്കിലും മെമ്പർ തന്നിട്ടുള്ളത് ഞാൻ റിപ്പോർട്ടിന് അയച്ചിട്ടുണ്ടോ?....(ബഹളം).... ശ്രീ. മത്തായി ചാക്കോ ഇത് സി.എം.ഡി.ആർ.എഫ്. ഒറ ഫണ്ടേ ഉള്ളൂ. നിങ്ങൾ കാര്യം മനസ്സിലാക്കാതെ സംസാരിക്കാതെ. അതും ഈ സുനാമി വന്ന് ഈ തുക കൂടുതൽ വന്നതുകൊണ്ട് വാരിക്കോരി ചെലവഴിച്ചിട്ടുമില്ല. ഈ സുനാമി വരുന്നതിനുമുമ്പ് ഞാൻ ഈ സ്ഥാനം ഏറ്റെടുത്തശേഷമുള്ള നാലുമാസക്കാലം സി.എം.ഡി.ആർ.എഫ്-ൽ നിന്ന് എടുത്ത് ചെലവഴിച്ച തുകയും ഇപ്പോൾ ചെലവഴിച്ച തുകയും നോക്കിയാൽ ഒരേ റേറിലാണെന്ന് മനസ്സിലാക്കാൻ സാധിക്കും. വയനാട്ടിലെ ആത്മഹത്യ ചെയ്തവരുടെ കുടുംബങ്ങൾക്ക് സഹായധനം കൊടുക്കണമെന്ന് ഇവിടെ പറഞ്ഞതല്ലേ, അത് കൊടുക്കേണ്ടതല്ലേ, 179 പേരുടെ കുടുംബങ്ങൾക്ക് സഹായധനം കൊടുത്തിട്ടുണ്ട്. അങ്ങനെയുള്ള ഏറ്റവും മനുഷ്യത്വപരമായിട്ടുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ച തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, വയനാട്ടിൽ കൊടുത്തതെല്ലാം തന്നെ കേന്ദ്രഗവൺമെന്റ് നമുക്ക് ഈ ആത്മഹത്യ ചെയ്ത ആളുകളുടെ കുടുംബങ്ങൾക്ക്. നൽകാൻവേണ്ടി നൽകിയ തുകയല്ലേ, കേന്ദ്ര ഫണ്ടല്ലേ, അതും ഇതും തമ്മിൽ എന്തിനാണ് കൂട്ടികുഴയ്ക്കുന്നത്. ഈ മതിൽ കെട്ടുന്നതിനു വണ്ടി അതുപോലെതന്നെ ഈ ക്യാമ്പുകളിൽ താമസിക്കുന്ന ആളുകൾക്ക് മരുന്നു വാങ്ങുന്നതിനുവേണ്ടി ഇവയെല്ലാംതന്നെ സുനാമി ഫണ്ടിൽനിന്ന് കൊടുത്തു എന്നുപറയുന്നത് വിശ്വസിക്കാം. എന്നാൽ ഞാൻ ചോദിക്കുന്നത് ആ കൂട്ടത്തിൽ വയനാട്ടിൽ ആത്മഹത്യ ചെയ്ത ആളുകൾക്ക് കേന്ദ്രഗവൺമെന്റ് പ്രത്യേകം ഫണ്ട് തന്നിട്ടുള്ളപ്പോൾ ഇതിൽ നിന്നെന്തിനാണ് അതിനു കൊടുക്കുന്നത്? അത് തെറ്റിപ്പറഞ്ഞതാണോ, ഇതിൽ നിന്ന് കൊടുത്തത് തന്നെയാണോ?

ശ്രീ. ഉമ്മൻചാണ്ടി: ഇതിനകത്ത് സി.എം.ഡി.ആർ.എഫ്.-ൽ നമുക്ക് സ്വാതന്ത്ര്യത്തോടുകൂടി ചെലവഴിക്കാം. നമ്മൾ ചെലവഴിച്ച തുക മുഴുവൻ ഇപ്പോൾ കേന്ദ്രത്തിൽനിന്ന് സുനാമിക്കുവേണ്ടി 100 കോടി രൂപ പിടിച്ചു. സുനാമിക്കുവേണ്ടി നമ്മൾ ചെലവഴിക്കാൻ പറയുന്ന തുക മുഴുവൻ ഈ 100 കോടി രൂപയിൽ നിന്നാണ് ചെലവഴിക്കുന്നത്, അതിൽ നിന്ന് ചെലവഴിക്കാൻ പറ്റാതെ വരുന്ന തുക, ഇപ്പോൾ കടൽഭിത്തി സി.ആർ.എഫ്.-ൽ നിന്ന് എടുക്കാൻ പറ്റില്ല. ഈ എ.ഡി.ബി. ഫണ്ടിൽനിന്ന് എടുക്കാൻ പറ്റില്ല. .....(ബഹളം).....കൊടുത്തിട്ടില്ല. ..... എന്താ നിങ്ങൾ.. ....ജയരാജൻ നിങ്ങൾ കുറെ ഒച്ചവച്ചതുകൊണ്ട് കാര്യമില്ല. ..... (ബഹളം).....

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഒരു നിമിഷം ശാന്തരാകൂ. ബഹളം എന്തിനാണ്? കടലിനേക്കാൾ ക്ഷോഭിക്കണമോ. അങ്ങനെയെത്തെ ശാന്തരാക്കാമെങ്കിൽ ഞാൻ പറയാം. ആലപ്പാട് 2490 മീറ്റർ, ആലപ്പാടിന്റെ ഡിമാന്റെയിൽസ് ഞാൻ പറയാം. ഇപ്പോൾ ആലപ്പുഴയാണ് ചർച്ചാവിഷയം എന്നുള്ളതുകൊണ്ട് ആലപ്പുഴ-ആറാട്ടുപുഴ, ആറാട്ടുപുഴയിലെ തറയിൽകടവ്, പെരുമ്പള്ളി, ആറാട്ടുപുഴ, പത്തിശ്ശേരി, കളളിക്കാട്, എന്നിവിടങ്ങളിലായി 2475 മീറ്റർ കടൽ ഭിത്തി കെട്ടുന്നതിനുള്ള നടപടിയെടുത്തിട്ടുണ്ട്. അങ്ങ് ഏത് അക്കൗണ്ടിലോ എഴുതിക്കൊള്ളൂ, അങ്ങയുടെ അക്കൗണ്ടല്ലല്ലോ ഗവൺമെന്റിന്റെ അക്കൗണ്ട്. എനിക്ക് പറയാൻ പറ്റുന്നത് ഗവൺമെന്റിന്റെ അക്കൗണ്ടാണ്. ഈ പറയുന്ന വർത്തമാനം ആർക്ക് പറയാൻ പറ്റുന്നതാണ്.....(ബഹളം).... ഇതെന്ത് ഏർപ്പാടാണ്?

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്.....ശബ്ദബഹളം കൊണ്ട് ആരെയും കീഴടക്കാമെന്നുള്ള സ്വഭാവം നല്ലതല്ല. ആരായാലും പറയാനും അത് കേൾക്കാനുമുള്ള അവസരം വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കേരളത്തിന്റെ ഏറ്റവും കണ്ണാടിയായി നിൽക്കുന്ന ഈ നിയമസഭയിൽ പറയാൻ ഞാൻ ബാദ്ധ്യസ്ഥനാണ്. നിയമസഭയിൽ മുഖ്യമന്ത്രി പറഞ്ഞതിനോട് അനുബന്ധം ചേർക്കുകയാണ്. എനിക്ക് ബഹളം കേൾക്കാനും കീഴടങ്ങാനും കഴിയില്ല. ശബ്ദമാണെങ്കിൽ ഇതിനേക്കാൾ വലിയ ശബ്ദമുള്ള ആളാണ് ഞാൻ. പക്ഷെ ഞാൻ അതിനൊന്നും മുതിരില്ല. ഇവിടെ കാര്യങ്ങൾ ചെയ്യുന്നത് കേൾക്കുമ്പോൾ അതിനേറ്റതായിട്ടുള്ള രൂപത്തിൽ കാണണം. അതല്ലാതെ ബഹളം വച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആളാകാൻ ശ്രമിക്കുന്ന ഒരു സ്ഥലമല്ലല്ലോ നിയമസഭ. ഇതാണ് നമ്മൾ ഇവിടെ ചെയ്തിട്ടുള്ള കാര്യം.

ശ്രീ. ഉമ്മൻചാണ്ടി: സർ, ഞാൻ ബിനോയ് വിശ്വമിനോട് ചോദിക്കുകയാണ് ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന ചെയ്ത തുകയിൽ 27.95 കോടി രൂപ വകമാറി ചെലവഴിച്ചതായി ലോകായുക്ത കണ്ടെത്തിയിരിക്കുന്നു. നിങ്ങൾക്ക് ആ ഓർഡറിന്റെ കോപ്പി ഇങ്ങോട്ട് ഹാജരാക്കിയാൽ പോരെ. പിന്നെ ഞങ്ങളുടെ വായ് മൂടികെട്ടത്തില്ലേ, അത് പോരെ, അതിനുപകരം ഇവിടെവന്ന് ആക്ഷേപങ്ങൾ ചൊരിയുകയും ഞങ്ങൾ മറുപടി പറയുകയും ചെയ്യുമ്പോൾ ബഹളം ഉണ്ടാക്കുകയും ചെയ്തിട്ട് കാര്യമുണ്ടോ? ഞാൻ അങ്ങയെ തിരുത്തുകയാണ്, ഒന്നു മനസ്സിലാക്കൂ, 27.95 കോടി രൂപ സുനാമിക്കുവേണ്ടി ചെലവഴിച്ചു എന്നാണ് ലോകായുക്ത പറഞ്ഞിരിക്കുന്നത്. അതിനു പുറമെ 8 കോടി രൂപ വന്നതിന്റെ കണക്ക് ചോദിച്ചിട്ടുണ്ട്. അതിന് വ്യക്തമായ കണക്കുണ്ട്. ഞാൻ ചെലവഴിച്ച രീതി പറഞ്ഞു, നാലു മാസക്കാലം 4 കോടിക്കും 5 കോടിക്കും ഇടയ്ക്കാണ് ചെലവുവന്നത്. ഈ ഏഴു മാസത്തിനിടയിൽ എട്ടുകോടി മുപ്പതു ലക്ഷം രൂപ അത് ഏതെല്ലാം വിധത്തിൽ ചെലവഴിച്ചു എന്ന് കോടതിയെയും ബോദ്ധ്യപ്പെടുത്താൻ സാധിക്കും, ഈ സഭയേയും ബോദ്ധ്യപ്പെടുത്താൻ സാധിക്കും. അതിനകത്ത് ഒരു പൈസപോലും വകമാറി ചെലവഴിച്ചിട്ടില്ല. പക്ഷേ നമ്മുടെ സമൂഹത്തിലെ ചില ദുഃഖങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ സാദ്ധ്യമല്ല. സാങ്കേതികത്വം പറഞ്ഞ് പ്രായോഗിക ബുദ്ധിമുട്ടുകൾ പറഞ്ഞുകൊണ്ട് ജനങ്ങളുടെ ബുദ്ധിമുട്ടിൽനിന്ന് മാറിനിൽക്കാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അതുകൊണ്ടാണ് കടുത്ത സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നിട്ടും ഈ സുനാമി ദുരന്തം വരുന്നതു വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും തുക കൊടുക്കുന്നതിൽ ഒരു വീഴ്ചയും വരുത്തിയിട്ടില്ല. അതുപോലെതന്നെ ഇന്നും ചെയ്തിട്ടുണ്ട്. എനിക്കൊരു കാര്യംകൂടി മാത്രമേ വ്യക്തമാക്കാനുള്ളൂ. സുനാമി ദുരിത ബാധിതർക്ക് സഹായങ്ങൾ എത്തിക്കുന്ന കാര്യത്തിൽ പണം ഒരു തടസ്സമായിരുന്നില്ല. പണം ഒരു വിധത്തിലും തടസ്സമാകരുത് എന്ന നിർബന്ധ ബുദ്ധിയുണ്ടായിരുന്നു. അവിടെ ഉദ്ദേശിച്ച രീതിയിൽ ചില കാര്യങ്ങൾ നടക്കാതെ പോയെങ്കിൽ അത് ശ്രീ. ദേവകുമാറിനും അതുപോലെ പ്രതിപക്ഷ മെമ്പർമാർക്കും അറിയാവുന്ന വിധത്തിലുള്ള ചില ബുദ്ധിമുട്ടുകളാണ്. യഥാർത്ഥത്തിൽ അർഹിക്കുന്നവരെ കണ്ടെത്താൻ വേണ്ടിയും അനർഹരെ ഒഴിവാക്കാൻവേണ്ടിയും ചില ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ട്. അത് സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ടല്ല. സുനാമി ബാധിതരെ സഹായിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനത്തിൽ പണം ഒരു തടസ്സമേ ആകില്ല എന്ന് ഉറപ്പിച്ചുപറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അവർക്കുവേണ്ടിയുള്ള ഒരു തുകയും വകമാറി ചെലവഴിച്ചിട്ടില്ല. ലോകായുക്തയുടെ ചില കാര്യങ്ങൾ വ്യക്തമാക്കാൻ പറഞ്ഞതിനെ വളരെയധികം വ്യത്യസ്തമായി വ്യാഖ്യാനിച്ചുകൊണ്ട് ഇവിടെ വന്നപ്പോൾ.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങ് ഇപ്പോൾ പറഞ്ഞത് ലോകായുക്തയെ ഞങ്ങൾ വളച്ചൊടിച്ചു എന്നാണ്. ശ്രീ. ബിനോയ് വിശ്വം പറഞ്ഞത് തെറ്റാണെങ്കിൽ, ലോകായുക്ത അങ്ങനെ പറഞ്ഞിട്ടില്ലെങ്കിൽ ലോകായുക്ത എന്താണ് പറഞ്ഞത്? അതുസംബന്ധിച്ച ഒരു രേഖ മേശപ്പുറത്ത് വയ്ക്കുമോ? അങ്ങയുടെ കയ്യിലല്ലേ രേഖയുള്ളത്. ബിനോയ് വിശ്വത്തിന്റെ കയ്യിലല്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻചാണ്ടി: ലോകായുക്ത പറഞ്ഞതാണ് ഞാൻ പറഞ്ഞത്. ഇന്നല്ലേ കിട്ടാൻ പോകുന്നത്.....(ബഹളം).....നിങ്ങൾക്ക് ഇന്നുതന്നെ വേണമെങ്കിൽ കാണിച്ചുതരാം. ലോകായുക്ത പറഞ്ഞത് ഇത്രയേയുള്ളൂ. അത് ഞാൻ പറഞ്ഞു. മൊത്തം കിട്ടിയ തുക, സുനാമിക്ക് വേണ്ടി ചെലവഴിച്ച തുക, ചെലവഴിച്ച തുകയും സുനാമിക്ക് വേണ്ടി ചെലവഴിച്ച തുകയും അടങ്ങുന്ന സ്റ്റേറ്റ്മെന്റ് കൊടുക്കാൻ പറഞ്ഞു. അത് കൊടുക്കും. അതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ രൂപമുണ്ട്. അത് ചെലവഴിച്ചത് എന്തിനാ വേണ്ടിയാണെന്ന് ഞാൻ ഇവിടെ പറഞ്ഞുകഴിഞ്ഞു. ഈ സമൂഹത്തിൽ ഏറ്റവുമധികം ബുദ്ധിമുട്ടും ദാരിദ്ര്യവും പ്രയാസങ്ങളും അനുഭവിക്കുന്നവരെ സഹായിക്കാൻവേണ്ടി ഈ സഭയുടെ രണ്ടു ഭാഗത്തുനിന്നും പറഞ്ഞിട്ടുള്ളവരെയൊക്കെ സഹായിച്ചിട്ടുണ്ട്. ഇനിയും സഹായിക്കും. സുനാമി വരുന്നതിനു മുമ്പും ചെയ്തിട്ടുണ്ട്. സുനാമിക്ക് മുമ്പ് ചെയ്ത അതേ തോതിൽ മാത്രമേ ഇന്നും.....(ബഹളം).....അതിനകത്ത് ഒരു വിധത്തിലുള്ള കുറ്റബോധവും ഗവൺമെന്റിനില്ല. ആവശ്യമില്ലാതെ ഒരു ഉത്തരവാദിത്തമില്ലാതെയാണ് നിങ്ങൾ എഴുതിയിരിക്കുന്നത്. അങ്ങ് ഏതെങ്കിലും വിധത്തിൽ....(ബഹളം)..... അങ്ങേക്ക് ഉത്തരവാദിത്വബോധമുണ്ടെങ്കിൽ ഇത് എഴുതുമായിരുന്നോ? 27.95 കോടി രൂപ വകമാറി ചെലവഴിച്ചു എന്ന് പറയാൻ അങ്ങേക്ക് നാണമില്ലേ? ഞാൻ ചോദിക്കുകയാണ്. നാണമില്ലേ? 27.95 കോടി രൂപ വകമാറി ചെലവഴിച്ചു എന്ന് പറയാൻ അങ്ങേക്ക് എങ്ങനെ സാധിക്കും? ലോകായുക്ത പറയാത്ത കാര്യങ്ങൾ പറഞ്ഞു എന്നുപറഞ്ഞുകൊണ്ട് ഇവിടെ കൊണ്ടുവന്നത് വളരെ നിർഭാഗ്യകരമായിപ്പോയി. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇവിടെ പറഞ്ഞിട്ടുള്ളത്, സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവനയായി ലഭിച്ച തുകയിൽ 27.95 കോടി രൂപ വകമാറി ചെലവഴിച്ചതായി ലോകായുക്ത കണ്ടെത്തിയിരിക്കുന്ന റിപ്പോർട്ട് പുറത്തുവന്നിരിക്കുന്നു എന്നാണ്. ലോകായുക്ത കണ്ടെത്തിയിരിക്കുന്ന റിപ്പോർട്ട് പത്രങ്ങളിലൂടെ പുറത്തുവന്നിരിക്കുന്ന കാര്യമാണ് മെമ്പർ ഗവൺമെന്റിന്റെ ശ്രദ്ധയ്ക്ക് വിധേയമാക്കിയത്. ഇതിന്റെ നിജസ്ഥിതി എന്താണെന്ന് മനസ്സിലാക്കുന്നതിന് വേണ്ടിയാണ് അടിയന്തിരപ്രമേയം അവതരിപ്പിച്ചത്. ഇതിന്റെ യഥാർത്ഥ സ്ഥിതിയെന്താണെന്ന് മുഖ്യമന്ത്രിയും ഗവൺമെന്റുമായി ബന്ധപ്പെട്ട ആളുകളും സഭയെ ധരിപ്പിച്ച് വസ്തുതകൾ മനസ്സിലാക്കിതരിക എന്നുള്ളതാണ് ചെയ്യേണ്ടത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുവേണ്ടി നടത്തിയ ശ്രമം വിജയിച്ചില്ല. 100 കോടി രൂപ കേന്ദ്രഗവൺമെന്റ് സുനാമിക്ക് വേണ്ടി തന്നു. അതുപോലെ 40 കോടിയിൽപ്പരം രൂപ വിദേശ മലയാളികളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്കും ലഭിച്ചിട്ടുണ്ടെന്നാണ് മുഖ്യമന്ത്രി ഇവിടെ പറയുന്നത്. ഇതു സംബന്ധിച്ച് ആദ്യം നമ്മൾ കൂടിയ ആദ്യ പാർട്ടീസ് യോഗത്തിൽ ഓരോ മാസവും ഇതുസംബന്ധിച്ചുള്ള വസ്തുതകൾ എല്ലാ പേർക്കും മനസ്സിലാക്കുന്നതിനുവേണ്ടി ശ്രമിക്കാമെന്ന് അതിൽ ഉറപ്പും നൽകിയിരുന്നു. പക്ഷേ ആറേഴ് മാസമായിട്ട് ആ കമ്മിറ്റി പിന്നീട് കൂടുക എന്നുള്ളത് ഉണ്ടായിട്ടില്ല. ആ വസ്തുതകൾ തന്നെ വിവിധ രാഷ്ട്രീയ പാർട്ടിയിലുള്ള ആളുകൾക്ക് സംശയിക്കാനുള്ള അവസരമാണ് ഗവൺമെന്റ് ഉണ്ടാക്കിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലെങ്കിൽ അമേരിക്കയിൽ നിന്നും പിരിച്ചു എന്നുപറയുന്ന ഫണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യത്തിന്, ചങ്ങനാശ്ശേരിയിലെ ഏതോ സ്ഥാപനത്തിന് കൊടുക്കാൻ പറഞ്ഞു എന്നുപറഞ്ഞിട്ടുള്ളത് അംഗീകരിക്കുന്നു. അതേസമയം തന്നെ ഇതിനുവേണ്ടി തന്നെ 90 കോടി രൂപ പിരിച്ചു എന്നുള്ളത് അവർ ഞങ്ങളെ അറിയിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള കാര്യങ്ങളൊന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല. ദുരിതബാധിതരായിട്ട് ക്യാമ്പുകളിൽ കഴിയുന്ന, വീടൊന്നും ഇതുവരെ കിട്ടാതെ താമസിക്കുന്ന ആളുകൾക്ക് പുറേശ്ശേ രാഷ്ട്രീയ പാർട്ടികളും ഏറെടുത്തു വീട് പണിതുകൊണ്ടിരിക്കുന്നു. ചിലത് പൂർത്തിയായിട്ടുണ്ട്. അതെല്ലാംതന്നെ മുഖ്യമന്ത്രിയോടും റവന്യൂ മന്ത്രിയോടും അറിയിച്ചിട്ടുള്ളതാണ്. ഞങ്ങൾ 2 കോടിയോളം രൂപ പിരിച്ചു. ഞങ്ങൾ തന്നെ 100 വീട് വച്ചുകൊടുക്കുന്നതിന് സന്നദ്ധമാവുകയാണ്. വീട് എവിടെയാണ് വയ്ക്കേണ്ടത് എന്നീ കാര്യങ്ങൾ ഗവൺമെന്റുമായി യോജിച്ച് പരസ്പര ധാരണയോടുകൂടിതന്നെയാണ് വയ്ക്കുന്നത്. അത് ഗവൺമെന്റ് വയ്ക്കുന്നതായിട്ട് തന്നെ ഞങ്ങൾ തരുന്നു. ഗവൺമെന്റ് രാഷ്ട്രീയ പാർട്ടികളെ ഫലപ്പെടുത്തിയതനുസരിച്ച് ഞങ്ങൾ ആ ചുമതല നിറവേറ്റുന്നു. ഞങ്ങൾ പിരിച്ച ഫണ്ട് ആ നിലയിൽതന്നെ വിനിയോഗിച്ചു എന്ന അർത്ഥത്തിലേ ഞങ്ങളെടുത്തിട്ടുള്ളൂ. ഇവിടെ പ്രശ്നം, മൊത്തത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് ലഭിച്ച തുക വേണ്ടതുപോലെ ചെലവ് ചെയ്തിട്ടില്ല എന്ന് ലോകായുക്ത പോലും സംശയിക്കത്തക്ക വിധത്തിലുള്ള സ്ഥിതിയിലേക്ക് എത്തി എന്നുള്ളത് ഉത്ക്കണ്ഠാജനകമാണ്. അതാണ് ഇവിടെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിച്ചത്. നമ്മൾ പരസ്പരം തെറ്റിദ്ധരിക്കാനുള്ള ശ്രമം നടത്തരുത്. യഥാർത്ഥ വസ്തുതകൾ ജനങ്ങളെ അറിയിക്കാനാണ് ശ്രമിക്കേണ്ടത്. അതിനാണ് ഞങ്ങൾ ശ്രമിച്ചിട്ടുള്ളത്. അതിനെ ദുർവ്യാഖ്യാനം ചെയ്യരുതെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇതു സംബന്ധിച്ചുള്ള മുഖ്യമന്ത്രിയുടെ വിശദീകരണം തൃപ്തികരമല്ല എന്നുള്ളതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അങ്ങ് ഇവിടെ എതാണ്ട് മുക്കാൽ മണിക്കൂർ സമയം സംസാരിച്ചതിൽനിന്ന് കൂടുതൽ ആശയക്കുഴപ്പങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. മലയാളിയുടെ നൻമയെ വിറ്റ് കാശാക്കരുത്. അങ്ങ് പറയുന്നത് കേട്ടപ്പോൾ എനിക്ക് തോന്നിയത് ലോകായുക്ത

.....(ബഹളം).....

ഇപ്പോൾ ആ രേഖ അങ്ങയുടെ കയ്യിലാണുള്ളത്, പത്ര റിപ്പോർട്ടുകൾ, ടി. വി. ചാനലുകളിലുമൊക്കെ വന്നത് സംബന്ധിച്ച് ഞങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടു. അങ്ങയുടെ കയ്യിൽ രേഖയുണ്ട്. വൈകുന്നേരം കാണിച്ചുതരുമ്പോൾ ഒന്നുകൂടി മനസ്സിലാക്കാം. എന്തായാലും ലോകായുക്ത മുഖ്യമന്ത്രിയെയും മന്ത്രിമാരെയും സ്വർണ്ണമോതിരവും സ്വർണ്ണ വളയുമൊന്നും ഇടിച്ചിട്ടില്ല എന്നല്ലേ മനസ്സിലാക്കേണ്ടത്? നിങ്ങൾക്ക് പൂച്ചെണ്ടൊന്നും തന്നിട്ടില്ല. വീഴ്ച സംഭവിച്ചു എന്നാണ് പറയുന്നത്. ഞാനൊന്നു ചോദിക്കട്ടെ, അങ്ങയുടെ അദ്ധ്യക്ഷതയിൽ നമ്മൾ രണ്ട് കമ്മിറ്റി കൂടി. ശ്രീ. ബിനോയ് വിശ്വം ചൂണ്ടിക്കാണിച്ചതിൽ പങ്കെടുത്തവരുടെ പേരൊക്കെ പറഞ്ഞു. 12-1-2005-ൽ നിങ്ങളുടെ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി പി.ആർ. സുബ്ബലക്ഷ്മി ഒപ്പിട്ട് അയച്ചു തന്ന മിനിട്സാണ്.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ യോഗം ചേർന്നതിന്റെ മിനിട്സ് ഞങ്ങൾക്ക് അയച്ചു തന്നത് 21-3-2005-നാണ്. രണ്ട് യോഗത്തിന്റെയും മിനിട്സ് എന്റെ കയ്യിലുണ്ട്, ആ മിനിട്സിൽ എഴുതിവച്ചിരിക്കുകയാണ്, ഇതിന് പ്രത്യേകമായ..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേൾക്കണം. ഇതിന് പ്രത്യേകമായ..... ഞാനത് വായിക്കുകയാണ്.....(ബഹളം)..... സി. എം. കേൾക്കണമെന്നുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. അങ്ങയുടെ മിനിട്സാണ് ഞാൻ വായിക്കുന്നത്. മിനിട്സിൽ ഒന്നാമത്തെ പാരാ, ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനത്തിനുവേണ്ടി..... .....(ബഹളം)..... പറയണ്ടേ മന്ത്രി എന്തിനാണ് ക്ഷുഭിതനാകുന്നത്? നിങ്ങൾ അയച്ചുതന്ന മിനിട്സല്ലേ?.....(ബഹളം).....

മി. സ്പീക്കർ: വിശ്വം ഇരിക്കൂ. രാജേന്ദ്രനാണ് സംസാരിക്കുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: നിങ്ങൾ അയച്ചുതന്ന മിനിട്സും മുഖ്യമന്ത്രി പറഞ്ഞതും വാസ്തവവിരുദ്ധമാണെന്നാണ് ഞാൻ പറഞ്ഞത്. ആ മിനിട്സിൽ എഴുതിവച്ചിരിക്കുന്നത്, സുനാമി ഫണ്ട് പിരിച്ച..... .....(ബഹളം)..... മുഖ്യമന്ത്രി പറയുന്നത് കേൾക്കണ്ടേ?.....(ബഹളം).....

മി. സ്പീക്കർ: വാക്കൗട്ട് നടത്തുന്നതിനുമുമ്പ് എല്ലാ കാര്യങ്ങളും പറയാൻ പറ്റുമോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: എല്ലാ കാര്യവും പറയുന്നില്ല. ഫണ്ട് വകമാറി ചെലവഴിച്ചു എന്ന വിഷയമല്ലേ ഇവിടുത്തെ പ്രസക്തമായ കാര്യം. അങ്ങ് തന്നിരിക്കുന്ന മിനിട്സിൽ യോഗത്തിന്റെ തീരുമാനമായി പ്രത്യേകമായ ഫണ്ട് എന്നാണ് എഴുതിവച്ചിരിക്കുന്നത്. മിനിട്സ് തന്നിരിക്കുകയല്ലേ? അതുപോലെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് അയച്ചു തരാം, വരവു ചെലവു കണക്ക് അയച്ചു തരാം, മാസംതോറും യോഗം കൂടും എന്നൊക്കെയാണ് പറഞ്ഞത്. കഴിഞ്ഞ ഏഴ് മാസമായിട്ട് ഒന്നും ചെയ്തില്ല. അത് ചോദിക്കണ്ടേ? അതിന് എന്തിനാണ് ക്ഷുഭിതനാകുന്നത്? അത് പറയണ്ടേ? ഞാൻ ഒന്നുകൂടി സൂചിപ്പിക്കട്ടെ, നിങ്ങൾ ഈ ഫണ്ട് മാത്രമല്ല. മുഖ്യമന്ത്രി ഗ്യാരൻറി പറഞ്ഞതിന്റെ കാര്യമെടുത്ത് ഇവിടെ മറുപടി പറഞ്ഞു. അതിൽ നാഷണൽ യൂത്ത് ലീഗ് ഏത് രാഷ്ട്രീയ പാർട്ടിയാണ്? ഞങ്ങൾക്ക് അഭിമാനമുണ്ട്.

മി. സ്പീക്കർ: രാജേന്ദ്രൻ, അങ്ങനെ വിശദമായി ചർച്ച ചെയ്യാൻ സാധിക്കില്ല. അങ്ങേക്ക് എത്ര സംസാരിച്ചാലും മതിയാകില്ല എന്നു വച്ചാൽ കഷ്ടമാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഒറ്റ കാര്യം പറയട്ടെ, നിങ്ങൾ സുനാമി ഫണ്ട് മാത്രമല്ല, കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ കാലത്ത് ഗുജറാത്തിനു വേണ്ടി പിരിച്ചേൽപ്പിച്ച 10 കോടി രൂപ പുട്ടടിച്ചുവരല്ലേ നിങ്ങൾ? എവിടെ പോയി ആ ഫണ്ട്? രേഖയിരിക്കുകയല്ലേ?

മി. സ്പീക്കർ: ഇതൊക്കെയാണോ ശരി?

ശ്രീ. കെ. പി. രാജേന്ദ്രൻ: വാക്കൗട്ട് നടത്തുമ്പോൾ പറയേണ്ട കാര്യം പറയണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പറയേണ്ട കാര്യം പറയണം.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഗുജറാത്ത് ഫണ്ട് വകമാറി ചെലവഴിച്ചു, സുനാമി ഫണ്ട് വകമാറി ചെലവഴിച്ചു. അതു ചോദിച്ചാൽ വ്യക്തമായ മറുപടിയില്ല. മറുപടി ഇല്ലെങ്കിൽ അതിൽ പ്രതിഷേധിക്കണ്ടേ? അതിൽ പ്രതിഷേധിക്കുന്നു. ഇത് ചർച്ച ചെയ്യാൻ ഏത് അവസരമുണ്ടെങ്കിലും ഞങ്ങൾക്ക് കിട്ടിയ എല്ലാ വിവരങ്ങളും രേഖകളും അവിടെ സമർപ്പിക്കാം. നമുക്ക് ചർച്ച ചെയ്യാം. ഉന്നയിക്കുന്ന കാര്യങ്ങൾ വളച്ചൊടിച്ച് എഴുതിയ ചില വരികൾക്ക് സാങ്കേതികത്വം പറഞ്ഞ് വസ്തുതകളിൽനിന്ന് ഒളിച്ചോടുകയാണ് ചെയ്യുന്നത്. സുനാമി ഫണ്ട് ചെലവഴിച്ചതിൽ ഗുരുതരമായ വീഴ്ച വരുത്തി എന്ന് ലോകായുക്ത ചൂണ്ടിക്കാണിച്ച സാഹചര്യത്തിൽ .....(ബഹളം)..... രേഖ വയ്ക്കു. മുഖ്യമന്ത്രി രേഖ വയ്ക്കണം. രേഖ തന്നിട്ടില്ല. ഈ നടപടിയിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഈ വാക്കൗട്ടിൽ പങ്ക് ചേരുകയാണ്.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. മോഹനൻ: ലോകജനത ഞെട്ടി വിറച്ച വൻദുരന്തമായിരുന്നു സുനാമി. എവിടെ ദുരന്തമുണ്ടായാലും അവിടെ സഹായിക്കാൻ മനുഷ്യസ്നേഹികളുണ്ടാകും. അങ്ങനെ ആയിരക്കണക്കിന് മനുഷ്യസ്നേഹികൾ സഹായിച്ച് 40 കോടിയിൽപ്പരം രൂപ നമുക്ക് ലഭിച്ചു. അത് എന്താണ് ചെയ്യേണ്ടത്? അത് ദുരിതബാധിതർക്ക് എത്തിക്കണം. പിച്ച ചട്ടിയിൽ കയ്യിട്ട് വാരരുത്. ഇവിടെ എന്താണ് ചെയ്തത്? അത് വകമാറി ചെലവഴിച്ചു എന്ന് പറയുന്നു. ഇതിൽ ഒരു പൈസ പോലും മറ്റുള്ള ആവശ്യത്തിന് ഉപയോഗിക്കരുത്.

മി. സ്പീക്കർ: ഒരു പാർട്ടിയിലെ എല്ലാവരും പ്രസംഗിക്കണം എന്നു പറഞ്ഞാൽ പറ്റുമോ? അതിനൊക്കെ ഒരു നിയന്ത്രണമില്ലേ?

ശ്രീ. കെ. പി. മോഹനൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഇതിൽ അസാധാരണമായി ഒന്നുമില്ലെന്ന്. അതുകൊണ്ടാണ് ഞങ്ങൾ അപ്പെടുന്നത്. സാധാരണ നടക്കുന്നത് ഇതിൽ നടക്കാൻ പാടില്ല. സാധാരണ ഇവിടെ നടക്കുന്നത് ക്രമക്കേടുകളാണ്. അതുകൊണ്ട് അസാധാരണമായി ഇതിലെങ്കിലും നടക്കണമെന്ന് ആഗ്രഹിക്കുന്നു. അങ്ങയുടെ മറുപടി തൃപ്തികരമല്ലാത്തതുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. പി. മോഹനനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: ഞാൻ രണ്ട് കാര്യം മാത്രമാണ് പ്രധാനമായും പറയുന്നത്. സുനാമി ഫണ്ട് സുതാര്യമായി കൈകാര്യം ചെയ്യുമെന്ന ഉറപ്പിൻമേലാണ് സംസ്ഥാന ഗവൺമെന്റ് വിവിധ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുകൂട്ടി ഒരു ഹൈ ലെവൽ കമ്മിറ്റി രൂപീകരിച്ചത്. ആ കമ്മിറ്റി ഇവിടെ സൂചിപ്പിച്ചതുപോലെ രണ്ട് പ്രാവശ്യം മാത്രമാണ് കൂടിയത്. ആ കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടുന്ന വരവു ചെലവ് കണക്കുകൾ അവതരിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂമന്ത്രിയും പ്രഖ്യാപിച്ചിരുന്നതാണ്. ആ കണക്കുകൾ കമ്മിറ്റിയിൽ അവതരിപ്പിക്കാതെ ഇവിടെ ഒരുപാട് കാര്യം പറഞ്ഞത് ന്യായീകരിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി സമയം കണ്ടെത്തിയല്ലോ? ഒരു ഹൈലെവൽ കമ്മിറ്റി വിവിധ രാഷ്ട്രീയ പാർട്ടികളുടേതായി രൂപീകരിച്ചിരുന്നതാണല്ലോ? ആ കമ്മിറ്റി മുൻപാകെ ഈ കണക്ക് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകാതിരുന്ന കാരണമെന്താണ്? സുനാമിമൂലം ഏറ്റവും കൂടുതൽ ദുരിതമുണ്ടായ ജില്ലയാണ് കൊല്ലം ജില്ല. അവിടെയാണ് ആലപ്പാട് പഞ്ചായത്ത്. ആറാട്ടുപുഴ പഞ്ചായത്ത് ആലപ്പുഴയിലാണ്. 144 പേർ ആലപ്പാട് പഞ്ചായത്തിൽ മാത്രം മരിച്ചു. അവിടെ ഇപ്പോഴും ക്യാമ്പിൽ കഴിയുന്നവരുണ്ട്.. ക്യാമ്പിൽ കഴിയുന്നവരുടെ ദുരവസ്ഥയെ സംബന്ധിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചു. ടെൻറടിച്ച് ഭാര്യയും ഭർത്താവും കുട്ടികളും ഒരുമിച്ച് ഒരു ടെൻറിൽ കഴിയുന്ന ദുരവസ്ഥയാണ് അവിടെയുള്ളത്. ഇന്നിപ്പോഴും അവിടെ നടക്കുന്നത് എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാനൊരു പരാതി കൊടുത്തതാണ്. വീടില്ലാത്ത ആളുകൾക്ക് വീട് വച്ചു കൊടുക്കുന്നതിൽ റവന്യൂ ഡിപ്പാർട്ടുമെൻറിലെ താലൂക്ക് ആഫീസിലും വില്ലേജാഫീസിലും വമ്പിച്ച അഴിമതി നടക്കുന്നു. താലൂക്ക് ആഫീസിലെ ഉദ്യോഗസ്ഥൻമാർക്ക് കാശ് കൊടുത്താൽ വീടില്ലാത്തവർക്ക് വീട് കൊടുക്കും. യഥാർത്ഥ ഭവനരഹിതരായിട്ടുള്ളവർക്ക് വീട് കിട്ടുന്നില്ല. ഭവനരഹിതരായ 10 പേരുടെ പരാതി മുഖ്യമന്ത്രിക്ക് ഞാൻ സമർപ്പിച്ചതാണ്. മുഖ്യമന്ത്രി അത് ഇപ്പോഴും ആലപ്പുഴ ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിരിക്കുകയാണ്. കൊല്ലത്തെ റവന്യൂ ഉദ്യോഗസ്ഥൻമാരെ വിശ്വാസമില്ലാത്തതു കൊണ്ടായിരിക്കും ആലപ്പുഴ ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിരിക്കുന്നത്. അല്ലെങ്കിൽ തെറ്റി കൊടുത്തതായിരിക്കും. ഏതായാലും റവന്യൂ ഡിപ്പാർട്ടുമെൻറിൽ വമ്പിച്ച അഴിമതി ഇതിൻറെ പേരിൽ നടക്കുന്നുണ്ട്. അതും സുനാമി ഫണ്ട് സുതാര്യമായി കൈകാര്യം ചെയ്യുന്നതിൽ വന്നിട്ടുള്ള വീഴ്ചയാണ്. അതുകൊണ്ട് ഇവിടെ ചർച്ച ചെയ്യുവാൻ തയ്യാറാകാത്ത ഗവൺമെൻറിൻറെ നയത്തിൽ പ്രതിഷേധിച്ച് ഞാനും വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. എ. എ. അസീസ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ലോകായുക്ത എന്താണ് പറഞ്ഞത് എന്നുള്ള ഞങ്ങളുടെ അറിവ് എന്നു പറയുന്നത് പത്രത്തിൽ വന്ന വാർത്തകളാണ്. ഞങ്ങൾക്ക് അതിൻറെ കോപ്പിയൊന്നുമില്ല. എല്ലാ പത്രങ്ങളിലും വന്ന വാർത്ത ഒന്നാണ്. വകമാറ്റി ചെലവഴിച്ചതിനെ സംബന്ധിച്ചിടത്തോളം പ്രാഥമികമായി ലോകായുക്തയ്ക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നുവെന്നാണ് പത്രത്തിലെ വാർത്ത. പ്രിലിമിനറിയായി ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ അഭിഭാഷകനായ അങ്ങേക്കറിയാം. ചീഫ് ജസ്റ്റീസ് ആയിരുന്ന ആളും ഹൈക്കോടതി ജഡ്ജായിരുന്ന ആളും ഉൾപ്പെടുന്ന ഒരു ബെഞ്ച് പ്രാഥമികമായി സുനാമി ഫണ്ട് ദുർവിനിയോഗം ചെയ്തിരിക്കുന്നുവെന്ന് പറയുമ്പോൾ അത് ഈ സഭയിൽ ചർച്ച ചെയ്യണ്ട എന്നു പറഞ്ഞ ന്യായം ശരിയാണെന്ന് എനിക്ക് അഭിപ്രായമില്ല. ഈ പണം സി.എം.ൻറെ ഡ്രൗട്ട് റിലീഫ് ഫണ്ടിലേക്ക് കൊടുത്തത് സുനാമിയുടെ ആവശ്യത്തിനുവേണ്ടിയും സുനാമിമൂലം കഷ്ടപ്പെടുന്ന മൂന്ന് പഞ്ചായത്തിലെ അഫക്റ്റഡായിട്ടുള്ള ആളുകളെ രക്ഷപ്പെടുത്താൻ വേണ്ടിയുമാണ്. പലരും ഞങ്ങളെ ഏൽപ്പിച്ച ചെക്കൊക്കെ മുഖ്യമന്ത്രിക്ക് അയച്ചിട്ടുണ്ട്. ഇതൊക്കെ മുഖ്യമന്ത്രിയുടെ ഡ്രൗട്ട് റിലീഫ് ഫണ്ടിലേക്ക് പോയി എന്നാണ് അദ്ദേഹം പറയുന്നത്. ഇവിടെ കേട്ടിടത്തോളം എനിക്ക് ബോദ്ധ്യമായത് ആറാട്ടുപുഴയിലും എടവനക്കാടും ആലപ്പാടുമല്ലാതെ ഈ പണം വിനിയോഗിച്ചിട്ടുണ്ട്. സൗജന്യ റേഷൻ കൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നാലേമുക്കാൽ കോടി രൂപ ചെലവഴിച്ചു എന്നാണ് മുഖ്യമന്ത്രി പറയുന്നത്. നാലേമുക്കാൽ കോടി രൂപ തീർച്ചയായും ഈ മൂന്ന് പഞ്ചായത്തിലെ അഫക്റ്റഡ് ഫാമിലീസിന് അല്ല ചെലവഴിച്ചിരിക്കുന്നതെന്നുള്ളത് അദ്ദേഹത്തിന്റെ മറുപടിയിൽതന്നെ വ്യക്തമാണ്. അവർക്ക് കൊടുത്തു കാണും. കൊടുത്തിട്ടില്ല എന്നു ഞാൻ പറയുന്നില്ല. ഇത്രയും ആളുകൾക്ക് 5 കോടിയോളം രൂപ സൗജന്യ റേഷനുവേണ്ടി ചെലവഴിക്കാൻ ഒരു കാരണവശാലും സാദ്ധ്യമല്ല. 40 കോടിയിൽ ചില്ലാനം രൂപ.....

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): അങ്ങ് പരിചയസമ്പന്നനായ ഒരാളാണ്. അങ്ങ് തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. സുനാമി അഫക്റ്റഡായത് ഒൻപത് ജില്ലകളാണ്. മരിച്ചത് മൂന്ന് പഞ്ചായത്തുകളിൽ മാത്രമേയുള്ളൂ. പക്ഷേ കേരളത്തിലെ ഒൻപത് ജില്ലകളിലെയും കോസ്റ്റൽ ഏരിയകളിൽ അതും ഏറ്റവും കൂടുതൽ നാശനഷ്ടം വന്നത് ബോട്ടുകൾ കൂട്ടിയിടിച്ച് നഷ്ടപ്പെട്ടത് വടക്കൻ ജില്ലകളിലാണ്. ആ ഒൻപത് ജില്ലകളിലും റേഷൻ കൊടുത്തു. തീരപ്രദേശങ്ങളിൽ റേഷൻ കൊടുത്തു. അത് എല്ലാ രാഷ്ട്രീയ പാർട്ടികളും ആവശ്യപ്പെട്ടതാണ്. അതാണ് ഗവൺമെന്റ് ചെയ്തത്. അതിനുപോലും ഗവൺമെന്റിനെ കുറ്റപ്പെടുത്തുക എന്നു പറയുന്നത് ക്രൂരമാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അങ്ങയുടെ ഫണ്ടിൽനിന്ന് കൊടുത്തതല്ല ഇവിടുത്തെ പ്രശ്നം. അങ്ങേക്ക് കിട്ടിയ മറ്റ് ഫണ്ടിൽനിന്ന് കൊടുക്കാം. പക്ഷേ സുനാമി ബാധിതർക്കുവേണ്ടി ജനങ്ങൾ നൽകിയ പണം ഏത് രാഷ്ട്രീയ കക്ഷികളാണെങ്കിലും ശരി സുനാമി ബാധിക്കാത്ത പ്രദേശങ്ങളിൽ കൊടുത്തത്, ഈ അക്കൗണ്ടിൽ കൊടുത്തത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. സുനാമി ബാധിതരുടെ അക്കൗണ്ടിൽ മറ്റുള്ളവർക്ക് കൊടുത്തുവെങ്കിൽ അത് ശരിയല്ല. ഒൻപത് ജില്ലകളിൽ കൊടുത്തുവെന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ആലപ്പാടും ആറാട്ടുപുഴയിലും വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് ഇത്രയും നാളായിട്ട് ഇനിയും വള്ളവും വലയും കൊടുക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അത് കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിലും പറഞ്ഞതാണ്.....(ബഹളം)..... ഏതായാലും എനിക്ക് കിട്ടിയ അറിവിന്റെ അടിസ്ഥാനത്തിൽ ഇനിയും വള്ളവും വലയും കിട്ടാനുള്ളവർ ആലപ്പാടും ആറാട്ടുപുഴയിലുമുണ്ട്. ബാങ്കുകളിൽനിന്ന് ലോണെടുത്ത് വള്ളവും വലയും വാങ്ങിച്ചവർക്ക് ലോൺ തിരിച്ചടയ്ക്കാനോ.....

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ഈ വള്ളവും വലയും അതുപോലെ എഞ്ചിനുമൊക്കെ സെൻട്രലിൽ നിന്നു കിട്ടിയ നോംസുണ്ട്. 50 ശതമാനമാണ്. നമ്മുടെ 100 ശതമാനം കൊടുത്തിട്ടുണ്ട്. അതിന്റെ കണക്ക് ഞാൻ അങ്ങേക്ക് തരാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഏതായാലും ഇന്നും അത് കിട്ടിയിട്ടില്ല. പറയുന്നവരും ബാങ്കുകളിൽനിന്നും പണം എടുത്തു. ഇത് വാങ്ങിയ ആളുകൾക്ക് തിരിച്ചടയ്ക്കാൻ കഴിയാത്തതുകൊണ്ട് അവർക്ക് പകരം കൊടുത്തിട്ടില്ല എന്നാണ് ആക്ഷേപം പറയുന്നത്. ഏതായാലും ഈ സുനാമി ഫണ്ടിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ധാരണയുണ്ടാകേണ്ടത് ഈ സഭയ്ക്ക് ആവശ്യമാണെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

തോന്നുന്നത്. ഇതെപ്പറ്റി ചർച്ച ചെയ്തതായിരുന്നു. എന്റെ ഇപ്പോഴുള്ള വിശ്വാസം സുനാമിക്കുവേണ്ടി ജനങ്ങളും, ലോകോത്തരമായി പിരിച്ചെടുത്ത പണം സുനാമി ബാധിതരല്ലാത്ത പ്രദേശങ്ങളിലെ ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിച്ചു. ശ്രീ. വി. എസ്. അച്ചുതാനന്ദനു മറുപടി പറഞ്ഞപ്പോൾ അങ്ങ് പറഞ്ഞു. വയനാട് ഭാഗത്തേയ്ക്ക് ഈ പണം കൊടുത്തുയെന്ന്. വയനാട് ഭാഗത്തേയ്ക്ക് പണം കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തന്നെ, ശ്രീ. എ. കെ. ആന്റണിയുടെ കാലത്തുതന്നെ കുറെ പണം കൊടുത്തു. 14 കോടി രൂപയോ മറ്റോ ആണ്. അതിനുശേഷം പിന്നീട് പണം വന്നു. ആത്മഹത്യ ചെയ്ത ആളുകൾക്ക് കൊടുക്കാൻവേണ്ടി ഗവൺമെന്റ് ഓഫ് ഇന്ത്യ പണം അനുവദിച്ചില്ലേ. ആ പണത്തിൽ നിന്നല്ലേ കൊടുക്കേണ്ടത്. അങ്ങ് പറഞ്ഞു വയനാട്ടിലെ കൃഷിക്കാർക്കുവേണ്ടി പണം കൊടുത്തുയെന്ന്. അപ്പോൾ സുനാമിക്കുവേണ്ടി വന്ന പണമാണോ കൊടുത്തത് എന്നുള്ളതാണ് വളരെ പ്രധാനമായ ചോദ്യമാണ്. പക്ഷേ മറുപടിയിൽ അത് വ്യക്തമല്ല. അതുകൊണ്ട് വ്യക്തമായ ഒരു ധാരണ ഈ സഭയ്ക്ക് കൊടുക്കുന്നതിനു വേണ്ടിയുള്ള ചർച്ച നടത്താത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

ശ്രീ. ജോണി നെല്ലൂർ: സർ, ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ അടിയന്തിരപ്രമേയത്തിനു മറുപടി പറഞ്ഞപ്പോൾ സത്യത്തിൽ അടിയന്തിര പ്രമേയം അവതരിപ്പിച്ചത് പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ്. ജനങ്ങൾക്ക് ഉണ്ടാകാൻ ഇടയുള്ള വലിയ തെറ്റിദ്ധാരണ അത് ദൂരീകരിക്കുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടി പ്രതിപക്ഷത്തുനിന്നു കൊണ്ടുവന്ന അടിയന്തിര പ്രമേയത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് സാങ്കേതികമായിട്ടാണ്. ഞാൻ മാതൃഭൂമി പത്രത്തിലെ ഒരു വാർത്ത മാത്രമേ പറയുന്നുള്ളൂ. അതിന്റെ തലക്കെട്ട് തന്നെ സുനാമി ഫണ്ട് വകമാറ്റിയെന്ന് ലോകായുക്തയ്ക്ക് സംശയം. എന്നിട്ട് പറഞ്ഞിരിക്കുന്നത്, എന്നാൽ ആകെ ചെലവഴിച്ച തുകയായി 36.25 കോടി രൂപ സർക്കാരിന്റെ കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 27.95 കോടി രൂപ സുനാമി പ്രദേശങ്ങളിലുള്ളവർക്കായി ചെലവഴിച്ചുയെന്നാണ് സർക്കാരിന്റെ കണക്കുകൾ. ഇവ തമ്മിൽ പൊരുത്തപ്പെടാനാകുന്നില്ല എന്നാണ് ലോകായുക്തയുടെ നിരീക്ഷണം. ലഭിച്ച തുകയിൽ 8.30 കോടി രൂപ സർക്കാർ വക മാറ്റി ചെലവഴിച്ചു എന്ന് ലോകായുക്തയുടെ വിധിയിൽ പറയുന്നു. ഈ സംഗതിയുടെ വ്യക്തമായ കാര്യങ്ങൾ നിയമസഭയ്ക്കും ജനങ്ങൾക്കും ബോധ്യമാകണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് പ്രതിപക്ഷത്തുനിന്നു ഇവിടെ അടിയന്തിരപ്രമേയം ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ തികച്ചും സാങ്കേതികമായ മറുപടിയാണ് പറഞ്ഞത്. അദ്ദേഹം മറുപടി പറഞ്ഞത് ചെലവഴിച്ചത് 27.95 കോടി രൂപ, ചെലവഴിച്ചത് വക മാറ്റി എന്നു തെറ്റി എഴുതി എന്നുള്ള സാങ്കേതികമായ ഒരു കാര്യത്തെ മുറുകെ പിടിച്ചുകൊണ്ട് മറുപടി പറഞ്ഞത് അങ്ങേയാറം തെറ്റായിപ്പോയി എന്നാണ് എന്റെ അഭിപ്രായം. ഇതുപോലെ ഒരു വിഷയം നിയമസഭയുടെ മുമ്പിൽ വരുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് ചെയ്യേണ്ടത്? സംശയങ്ങളില്ലാത്തവിധം സുനാമി ഫണ്ടിലേയ്ക്ക് എത്ര തുക കിട്ടി. അത് എത്ര തുക ചെലവഴിച്ചു. ഇപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട് പാവപ്പെട്ട രോഗികൾക്ക് കൊടുക്കുന്നതിനു ആരും എതിരല്ല. എല്ലാവരും അപേക്ഷിക്കുന്നുണ്ട്. കൊടുക്കുന്നുണ്ട്. അതും ഇതും കൂടി കൂട്ടിക്കുഴച്ച് ഒരു സംശയത്തിന്റെ പുകമറ സൃഷ്ടിച്ചുകൊണ്ട്, സത്യത്തിൽ ജനങ്ങൾക്ക് ഉണ്ടായിരിക്കുന്ന സംശയം കുറെക്കൂടി വലിയ സംശയമാക്കി മാറ്റാനുള്ള ഒരു ശ്രമമാണ് മുഖ്യമന്ത്രി നടത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യത്തിൽ സ്വീകരിച്ച സമീപനം ജനങ്ങളോടുള്ള അങ്ങേയറ്റം നിഷേധാത്മകമായ ഒരു നിലപാടാണ്. ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഇ. എം. അഗസ്തിയുടെ ഒരു കാളിംഗ് അറ്റൻഷൻ 28.3 തീയതി അദ്ദേഹം പറഞ്ഞിരുന്നു. പക്ഷേ മറുപടി നൽകിയിട്ടുണ്ടായിരുന്നില്ല.

III. [ശദ്ധക്ഷണിക്കൽ

(1) പീരുമേട് മണ്ഡലത്തിലെ തോട്ടം തൊഴിലാളികളും അനുവേക്കുന്ന ബുദ്ധിമുട്ടുകളും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, നാണ്യവിളകളുടെ കയറുമതി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികളും പ്രയോജനപ്പെടുത്തണം, കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള പാക്കേജ് പ്രയോജനപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കാളിംഗ് അറ്റൻഷൻ ശ്രീ. ഇ.എം. അഗസ്തി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഇപ്പോഴത്തെ മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷി വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനായും കേന്ദ്ര സംസ്ഥാന സർക്കാരുകളുടേയും കമോഡിറ്റീസ് ബോർഡിലെ ഉന്നത ഉദ്യോഗസ്ഥൻമാർ അംഗങ്ങളായും കാർഷിക വ്യാപാരവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14-1-2004-ൽ ഒരു ഉന്നതതല സ്റ്റാൻറിംഗ് കമ്മിറ്റി, ഓൺ അഗ്രികൾച്ചർ ട്രേഡ് എന്ന പേരിൽ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാനും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ നിലയിൽ നമ്മുടെ കാർഷിക വിളകൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനു കയറുമതി സാധ്യമായ നാണ്യവിളകളുടെ കാര്യത്തിലൊക്കെ കയറുമതി പ്രോൽസാഹിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു സമീപനം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അത് മെമ്പർ പറഞ്ഞത് ഗവൺമെന്റ് അംഗീകരിക്കുന്നു. അതിന് ആവശ്യമായിട്ടുള്ള നടപടികളും, ഫലപ്രദമായ നടപടികളും നമ്മുടെ കാർഷിക മേഖലയ്ക്ക് ആത്മവിശ്വാസം ഉണ്ടാകണമെങ്കിൽ കൃഷിക്കാർക്ക് അവരുടെ വിളകൾക്ക് ന്യായമായ വില ലഭിക്കണം. അത് പലപ്പോഴും വില ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. വാല്യു അഡീഷനോടുകൂടി ആയാലും ശരി നേരിട്ടുള്ളതാണെങ്കിലും ശരി കയറുമതി ഒരു പ്രധാനപ്പെട്ട ഘടകമാണ്. അത് പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും എന്നു വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി: സർ, എനിക്കൊരു ചോദ്യം ഉണ്ട്, കേന്ദ്ര ഗവൺമെന്റ് കയറുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി പ്രഖ്യാപിച്ചതിൽ തേയിലയും അതുപോലെതന്നെ കുരുമുളകും ഉൾപ്പെടുകയാണ്. പക്ഷേ ആ പാക്കേജിലെ വിശദാംശങ്ങളും ഇതുവരെ വ്യക്തമായിട്ടില്ല. നമ്മുടെ സംസ്ഥാന ഗവൺമെന്റ് മാർക്കറ്റിംഗ് ഫെഡറേഷൻ വഴി ആഭ്യന്തര വിപണിയിൽ നിന്ന് കുരുമുളക് സംഭരിക്കുന്നതിന്, 75 രൂപയ്ക്ക് കുരുമുളക് സംഭരിക്കുകയുണ്ടായി. ആ സംഭരിച്ച കുരുമുളക് ഇപ്പോൾ മാർക്കറ്റിംഗ് ഫെഡറേഷൻ കൈവശം വച്ചിരിക്കുകയാണ്. അത് ആഭ്യന്തര വിപണിയിൽത്തന്നെ വിൽക്കുന്നതിനുള്ള സാധ്യതയുണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly